

# ശലഭങ്ങൾ



# SMHSS PAZHAMBALACODE

**അറിവായി. . .നിറവായി. . . താങ്ങായി, തണലായി**

**ഒരു ജനതയുടെ പ്രതീക്ഷയായി. . .**



# S.M.M.H.S.S PAZHAMBALACODE
# QR CODE



# ആശംസകളോടെ. . .





പൊതു വിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി ഐ.ടി . കൂട്ടിക്കൂട്ടത്തിലൂടെ ഐ.സി.ടി.പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നവരാണ് സ്കൂൾ കൈറ്റ്സ്. കേരളത്തിൽ മാത്രമായിഒരു ലക്ഷത്തോളം കുട്ടികൾ ഇതിൽ അംഗങ്ങളാണ്. വിവര സാങ്കേതിക വിദ്യയിൽ തൽപരരായ കുട്ടികളെ തെരഞ്ഞെടുത്ത് ആഴ്ചതോറും വിദഗ്ധ പരിശീലനം നൽകി ടെക്നോളജിയിലും വിവിധ സോഫ്റ്റ് വെയറിലും പ്രാവീണ്യമുള്ളവരാക്കുന്നു. ഇതിലൂടെ ഉപകരണവൈദഗ്ധ്യവും സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗവും, സൈബർ സെക്യൂരിറ്റിയും, മലയാളം ടൈപ്പിങ്ങിലും കുട്ടികൾ മികച്ചവരാകുന്നു. സ്കൂളിനും വീടിനും നാടിനും അതിനപ്പുറവും നിങ്ങളുടെ പ്രതിഭ ഉപയോഗിച്ച് " ടെക്കി ന്യൂ ജെൻ 2019" വളരട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്, ടി.എ.രത്നകുമാരി.

# ആശംസകളോടെ . . .






SMMHSS ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന " ശലഭങ്ങൾ " എന്ന ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ചവരെയെല്ലാം അഭിനന്ദിക്കുന്നു. യൂണിറ്റിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

മാനേജ്മെന്റിനു വേണ്ടി,
ജോൺ. പി. ചെറിയാൻ.

# ആശംസകളോടെ . . .





വിവര സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ പഠിച്ചു കഴിഞ്ഞ നമ്മുടെ വിദ്യാർത്ഥികൾ വിജ്ഞാനം തേടിയുള്ള യാത്ര തുടരുന്നതിന്റെ ഭാഗമാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി. വിവര സാങ്കേതിക വിദ്യയുടെ സമസ്ത മേഖലകളിലും കടന്നു ചെല്ലാനും അവരവരുടെതായ കയ്യൊപ്പുകൾ പതിപ്പിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ നമ്മുടെ വിദ്യാലയത്തിലെ ഈ പദ്ധതിയുടെ അധ്യാപകർക്ക് കഴിയട്ടെ. വിജ്ഞാനത്തിന്റെ അനന്തവിഹായസ്സിൽ സ്വച്ഛന്ദം വിഹരിക്കാൻ വിദ്യാർത്ഥികൾ പ്രാപ്തരാകട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി.
ജയകുമാർ.എസ്.

# ഉള്ളടക്കം


ആശംസകളോടെ. . ........................................4
ആശംസകളോടെ . . ......................................5
ആശംസകളോടെ . . ......................................6
അവതാരിക......................................................7
ഗാന്ധിയൻ ആദർശങ്ങളുടെ സമകാലികപ്രസക്തി. 8
കാലം ആവശ്യപ്പെടുന്നത് ...............................10
രണ്ടാമതു നീയെന്തിന് ?.................................12
വാഴ്‌വ്.........................................................13
School youth festival....................................18
ഓവർ ഓൾ മൂന്നാം സ്ഥാനം......
അഭിനന്ദനങ്ങൾ..............................................19
Dreams.........................................................20
അവൾ പിന്നേയും ഒഴുകുന്നു . . ...........................21
കടംകഥകൾ..................................................22
NMMS Scholarship.......................................23
സ്പെഷ്യൽ സ്കൂൾ കലോൽസവം(ചിത്രരചന)........24
ഈ പൊന്നോമനകൾ നമ്മുടെ..........................25
സ്കൂളിന്റെ ഇരട്ട മധുരം.......................................25
ആഴക്കയത്തിൽ നിന്ന് സുബിൻ കോരിയെടുത്തത്
ഒരു ജീവൻ.....................................................26
School level sports.......................................28
SMART AMMA@SMMHSS PAZHAMBALACODE................................29
ചൂലന്നൂർ മയിൽ സങ്കേതത്തിലേയ്ക്ക്....................30
രസതന്ത്രത്തിൽ 2019 – ന്റെ.............................33
"നേപ്പാൾ"-ഒരു ഓർമ്മക്കുറിപ്പ്..........................36
Little kites school level..................................38
oneday camp.................................................38
ALONE..........................................................39
നിമിഷങ്ങളിൽ...............................................41
ബാല്യകാലം..................................................42
വംശഹത്യ.....................................................43
മാധവിക്കുട്ടിയുടെ കോലാട് പുനർ
വായിക്കപ്പെടുമ്പോൾ.......................................44
പഴഞ്ചൊല്ലിൽ പതിരില്ല....................................48
അവസാനമായി അവളുടെ വാക്കുകൾ..................50
ഒന്നിടറി .......................................................50
സ്നേഹം.........................................................52
അമ്മ എന്ന സ്നേഹം.........................................54
അവഗണിക്കപ്പെടുന്ന മാതൃത്വം..........................56
ഗൈഡ്സ് ക്യാമ്പ്...........................................58
വീണ്ടും ഒരു പൂക്കാലം.......................................59
നന്ദി............................................................60
കൈറ്റ് സബ് ജില്ലാ ക്യാമ്പ്..............................61
ദിനചര്യ........................................................62
സൂം കോൺഫറൻസ്.........................................63
LITTLE KITES PRELIMINARY..................64
CAMP...........................................................64
ടെക്കി ന്യൂ ജെൻ 2019-2021............................65
കൈറ്റ് യൂണിറ്റ് അംഗങ്ങൾ- ഹെഡ്മിസ്ട്രസ്,
കൈറ്റ്മിസ്ട്രസ്സ്മാർ എന്നിവരോടൊപ്പം..................66
കൈറ്റ് മിസ്ട്രസ്സുമാർ.........................................67
പത്രാധിപസമിതി...........................................68
പദശേഖരം....................................................69


# അവതാരിക



"ശലഭങ്ങൾ" എന്ന പേരിലുള്ള ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു. നമ്മുടെ പൊതു വിദ്യാലയങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലൊന്നായ 'ലിറ്റിൽ കൈറ്റ്സ്' ആണ് ഈ രീതിയിലുള്ള ഒരു മാഗസിനു വേണ്ടി പ്രവർത്തിക്കുന്നത്. പൊതു വിദ്യാലയങ്ങളുടെ തിളക്കം വീണ്ടും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രാധാന്യം ചെറുതല്ല. നിലവാരമുള്ള കമ്പ്യൂട്ടർ ലാബുകളുടെ പ്രവർത്തനം വിദ്യാലയങ്ങളിൽ സ്വപ്നതുല്യമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ മാഗസിനും മാറ്റങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗാന്ധിയൻ ആദർശങ്ങളുടെ സമകാലികപ്രസക്തി





ഒക്ടോബർ 2 ഗാന്ധിജയന്തി. നമ്മുടെ രാഷ്ട്രപിതാവായ മോഹൻ ദാസ് കരംചന്ദ് ഗാന്ധിയുടെ ജന്മദിനം . നമ്മളേവരും ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം നമുക്ക് നേടിത്തന്ന മഹാൻ. സ്വന്തം ജീവൻ വെടിഞ്ഞ് നമുക്കായി സ്വാതന്ത്ര്യം നേടിത്തന്നു.അഹിംസയിലൂടെയും സത്യത്തിലൂടെയും നമ്മുടെ നാടിനെ സ്വതന്ത്രയാക്കി. ആ ധീര മഹാനെ നമ്മൾ എന്നും ആദരിക്കുകയും അദ്ദേഹത്തിന്റെ ആദർശങ്ങൾ പിന്തുടരുകയും വേണം.
ഇന്ന് അദ്ദേഹത്തെ നമ്മൾ രാഷ്ട്രപിതാവായി ആദരിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ആദർശങ്ങൾ പിന്തുടരുന്നുണ്ടോ? . അഹിംസ ആയുധമായി കൽപ്പിക്കുന്നുണ്ടോ?. നമ്മൾ സത്യത്തിന്റെ മാർഗം മാത്രമാണോ തിരഞ്ഞെടുക്കുന്നത്?. ഒരിക്കലും അല്ല ഇന്ന് നാം പണം സമ്പാദിക്കാനായി നാം എന്തും ചെയ്യും . ലളിത ജീവിതം നയിച്ചാലേ ജീവിതവിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന ഗാന്ധിജിയുടെ ആദർശം ഇന്നും പ്രസക്തമാണ്. എന്നാൽ ആഡംബര ജീവിതമാണ് ഏവരും ആഗ്രഹിക്കുന്നത് . അതിനു വേണ്ടി കളവ്, കൊല തുടങ്ങി ക്ഷമ നീ ചകൃത്യങ്ങൾക്കും ഇന്ന് ആളുകൾ തയ്യാറാണ്.

ഈ ആധുനിക ജീവിതത്തിലും ഗാന്ധിജിയുടെ ആദർശങ്ങൾ ഏറെ പ്രസക്തിയുണ്ട്.അഹിംസയുടെ പാത സഞ്ചരിച്ചാലെ നമുക്ക് എന്നും വിജയം നേടാൻ സാധിക്കുകയുള്ളൂ. പക്ഷെ ഇന്ന് ആളുകൾ മനസ്സിലാക്കുന്നില്ല ഹിംസയുടെ പാതയിലൂടെ സഞ്ചരിച്ച നേടുന്ന വിജയം നീണ്ടു നിൽക്കില്ല എന്ന്. ലളിത ജീവിതം നയിച്ച ഗാന്ധിജി മഹത്ത്വത്തിലേക്ക് ഉയർന്നു. അതുപോലെ നമ്മളും ലളിത ജീവിതം നയിക്കണം . സമ്പത്തിന്റെ പേരിലും മറ്റു പലതിന്റെയും പേരിൽ അഹങ്കരിക്കരുത്. അത് നമുക്ക് ഒരിക്കലും ഗുണം നൽകില്ല.

മറ്റുള്ളവരിൽ നിന്ന് ഒന്നും പിടിച്ചു വാങ്ങാൻ ശ്രമിക്കരുത് . നമുക്ക് അവകാശപ്പെട്ടതു മാത്രമേ ആഗ്രഹിക്കാവൂ. ത്യാഗം എന്ന ശീലം നമ്മളിൽ വളർത്തണം. ഗാന്ധിജിയുടെ ആദർശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ത്യാഗം. ത്യാഗം നമ്മെ ഉയർച്ചയിലേക്ക് എത്തിപ്പിക്കുന്നു . എന്നാൽ ഇന്ന് ത്യാഗം പോയിട്ട് മറ്റുള്ളവരുടെ സമ്പത്തുകൂടി പിടിച്ചെടുക്കാനാണ് എല്ലാവരും ശ്രമിക്കുന്നത് .

ഇന്നത്തെ തലമുറ ഏറെ സ്വാർത്ഥരായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയോടുള്ള ഗാന്ധിജിയുടെ നിസ്വാർത്ഥ സ്നേഹത്തിനേക്കാൾ സ്വാർത്ഥരാണ് ഇന്നത്തെ ജനങ്ങൾ . ആർക്കും ആരോടും ഒരു സ്നേഹവും സഹതാപവുമില്ല . സ്വന്തം സുഖമാണ് ഏവരുടേയും ലക്ഷ്യം. അതിനിടയിൽ പാവപ്പെട്ടവരുടെ ഗതി വളരെ ദയനീയമാണ്. ഗാന്ധിജി ദരിദ്രമായ ഇന്ത്യയെ ഭാരിദ്യം എന്ന ദു:ഖത്തിൽ നിന്നു കരകയറ്റി എന്നാൽ ഇന്നുള്ളവർക്ക് ദാരിദ്ര്യത്തിൽ പെട്ട് ഉഴലുന്നവരെ കൂടുതൽ ബുദ്ധിമുട്ടിക്കാനാണ് ഇഷ്ടം.

ഇന്നത്തെ ജനങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്. അവർക്ക് സ്വാതന്ത്ര്യത്തിന്റെ മഹത്വവും വിലയും മനസ്സിലാക്കാനുള്ള ബുദ്ധിയില്ല . എന്നാൽ ഇതെല്ലാം മനസ്സിലാക്കി ജീവിക്കുന്ന നല്ല മനുഷ്യരും ഇന്ന് നാട്ടിലുണ്ട്.

വിദ്യാർത്ഥികൾക്കാണ് നാം ഗാന്ധിജിയുടെ ആദർശങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടത്. കാരണം അവരാണ് വരും തലമുറ , വളർന്നു വരേണ്ട ധീര മഹാന്മാർ. അവരാണ് നമ്മുടെ വരും കാലം നിശ്ചയിക്കുന്നത്. സ്കൂളുകളിലൂടെ നമ്മൾ ഗാന്ധിയൻ ആദർശങ്ങളുടെ പ്രസക്തി കുട്ടികളിൽ എത്തിക്കണം. അവരെ സത്യത്തിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കാൻ സഹായിക്കണം, കാരണം ചെറുപ്പത്തിൽ ശീലിച്ചാലെ അതു മരണം വരെ തുടരുകയുള്ളൂ. അങ്ങനെ ഗാന്ധിയൻ ആദർശങ്ങൾക്ക് നമ്മുടെ നാട്ടിൽ ഏറെ പ്രസക്തിയുണ്ട്.



**അഞ്ജന.വി**
**9.A**

# കാലം ആവശ്യപ്പെടുന്നത്.....



ജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്നതും നമ്മിൽ ഭൂരിഭാഗവും മനഃപൂർവ്വം അവഗണിക്കുകയും, അല്പം പുച്ഛത്തോടെ മാത്രം വീക്ഷിക്കുന്നതുമായ അടിസ്ഥാന വിഷയമായ പരിസ്ഥിതി സംരക്ഷണമാണ് ഇന്ന് കാലം ആവശ്യപ്പെടുന്ന മന്ത്രം.

പാരിസ്ഥിതിക തകർച്ചകൾ പ്രകൃതിദുരന്തങ്ങളുടെ തീവ്രത കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ പാഠപുസ്തകത്തിൽ നിന്നും ഇറങ്ങിച്ചെല്ലുന്ന മിഴികൾ ചെന്നു നില്ക്കുന്നത് അത്ര സുഖകരമായ കാഴ്ചകളിലല്ല.

അടിസ്ഥാന ആവശ്യങ്ങളായ ശുദ്ധവായുവിനും, ശുദ്ധജലത്തിനും, ശുദ്ധമായ ആഹാരത്തിനുമായി അലയുന്ന ജനതയുടെ ചിത്രം ഇന്ന് നമുക്ക് ഏറെ പരിചിതമായിരിക്കുന്നു. ഗ്രാമമെന്നോ, നഗരമെന്നോ, വ്യത്യാസമില്ലാതെ തന്നെ ....

പുതിയ, പുതിയ രോഗങ്ങൾ വാർത്തകളല്ലാതാകുന്നു. വർദ്ധിച്ചു വരുന്ന മരുന്നുകടകളും, ആശുപത്രികളും വികസനത്തിന്റെ അടയാളപ്പെടുത്തലുകളാകുന്നു. പവിത്രമെന്ന് കരുതുന്ന പലതിലും കീടനാശിനികളുടെ അതിപ്രസരം.....

കൃഷിയിടങ്ങൾ ഗോൾഫ് മൈതാനങ്ങൾക്കും കോൺക്രീറ്റ് സൗധങ്ങൾക്കും, ഇഷ്ടിക പാടങ്ങൾക്കും വഴിമാറുമ്പോൾ നമുക്ക് നഷ്ടമാകുന്നത് ഭക്ഷ്യ സുരക്ഷ..

അതിർത്തിക്കപ്പുറത്തേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് നവ സംസ്കാര കാഴ്ചകൾ.... തെറ്റുന്ന ഞാറ്റുവേല കണക്കുകൾ അനിയന്ത്രിത പരിസ്ഥിതിനാശത്തിന്റെ പരിണത ഫലം ....

പരിസ്ഥിതിയിൽ നിന്നും അകലുന്ന മനുഷ്യ സമൂഹത്തിനുണ്ടാകുന്ന ദുരനുഭവങ്ങളും, ദുരന്തങ്ങളും ഇനിയും നമുക്ക് മുന്നിൽ ധാരാളം . എന്നിട്ടും അതിരപ്പിള്ളിക്കും , സൈലന്റ് വാലിക്കും വേണ്ടി ആർത്തി കാണിക്കുന്നവർക്ക് ആനയും അമ്പാരിയും.....

പാരമ്പര്യ അറിവുകളും , ആരോഗ്യകരമായ പരിസ്ഥിതിയുമാണ് ഇന്ന് കാലം ആവശ്യപ്പെടുന്നത്. അതിനായി ജീവൻ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ തിരിച്ചറിവും, പ്രതിജ്ഞാബദ്ധവുമായ ഒരു സമൂഹം ഉണർന്നു വരുന്നു. അവർക്കായി വഴിത്താരകൾ ഒരുക്കുക എന്നതാവട്ടെ നമ്മുടെ കർത്തവ്യം......



എം.എൻ.വിനോദ്
എച്ച്.എസ്.എ.മലയാളം.

# രണ്ടാമത്തു നീയെന്തിന് ?



എന്തിനു നീയിങ്ങനെന്തിനു നീയിങ്ങനെ
ദൈവത്തിൻ കൈയ്യൊപ്പു പതിഞ്ഞ ഈ നാട്ടിൽ .....

ഹരിതവും വർണ്ണവും നിറഞ്ഞു നിൽക്കുന്ന
ഈ നാട്ടിലെന്തിനു നീ ദുരിതം വിതയ്ക്കുന്നു....

സ്വാതന്ത്ര്യവും ബക്രീദുമൊത്തു കിടക്കുന്ന
ആഗസ്റ്റിനെ എന്തിനു നീ പരീക്ഷിക്കുന്നു എന്തിനു നീ .....

പുഴയിലൂടൊഴുകുന്ന ജഢത്തിനു മേലെ
ചിത്രം പതിപ്പിക്കുന്നീ തലമുറ നിന്നെ മനസ്സിലാക്കുമോ ....

രണ്ടാമതൊന്നുകൂടി നിന്നെ സഹിക്കുവാൻ
ആവില്ല ഞങ്ങൾക്ക് ആവില്ല നിന്നെ സഹിക്കുവാൻ ....

എന്തിനു നീയിങ്ങനെന്തിനു നീയിങ്ങനെ
ദൈവത്തിൻകൈയ്യൊപ്പ് പതിഞ്ഞ ഈ നാട്ടിൽ ....



ഫിദ ഫാത്തിമ
9 B

# വാഴ്വ്



വാഴ്വെന്ന നാടകമാടിയരനൂറ്റാണ്ടു പിന്നിട്ടു ഞാൻ
തിരിഞ്ഞു നോക്കിയതോ നേടിയതന്തെന്നറിയാൻ
ഏറെയുത്സാഹത്തോടെ ചികഞ്ഞെടുത്തു
ഞാനെൻ ബാല്യവും കൗമാരവും യൗവ്വനവും.

വാർദ്ധക്യത്തിൻ യുവത്വത്തിൽ നിൽക്കുമെൻ മാനസം
ചികഞ്ഞു കുഴിയാന പോൽ ഭൂതകാല പടുകുഴിയിൽ കയ്യിലെന്തോ
കിട്ടി!!

തപ്പിത്തപ്പിത്തട്ടിയെടുത്തു ഞാൻ
ബാല്യകാലത്തിൻ മധുരമിഠായികൾ
സഹജരോടൊത്തുകലപില വെച്ചതും
രസിച്ചതും കളിച്ചതും കുസൃതികളാടിയതും
എൻ ഗൃഹത്തിലെൻ കയ്യൊപ്പുകളുണ്ടാക്കിയതും .

പുളകപ്പൂഞ്ചേലയെന്നകതാരിൽ നിവരുമ്പോൾ
കൗമാര് വാതിൽ തുറന്നു പ്രവേശിക്കാനായവേ
പെട്ടൊന്നുണ്ടായൊരാ വിദ്യുത്പ്രഭ തൻഞെട്ടലിൽ
മുന്നോട്ടാഞ്ഞ വലതുകാൽ പിന്നിലേക്കായവേ
തനുവറിയാതെ വിറച്ചു പോയ് തളർന്നു പോയ്

'പിതാ രക്ഷതി കൗമാരേ'മനുവാം പണ്ഡിതന്റെ
വാക്കുകൾക്കെന്തേയറം പറ്റിയോ?
പാതിവരച്ചിട്ട വർണ്ണചിത്രം പോൽ
നദീജലത്തിൽ കുതിർന്ന കടലാസുവഞ്ചി പോൽ
എങ്ങുമേതുമാകാതെ, എത്താതെ, എത്തിക്കാതെ

പറക്കമുറ്റാത്ത തൻ പൈതങ്ങളെ
വിട്ടുപിരിഞ്ഞെൻ താതൻ .
ഇതു് വിധി ഇതു നിയതി നൂനം!
തളർന്ന തനുവും ചിത്തവുമാമെങ്കിലും
വളർന്ന പുത്രരും വരളുന്ന സമ്പത്തും

സടകുടഞ്ഞെഴുന്നേൽക്കാൻ പ്രാപ്തയാക്കി-
യെൻ ജനനിയെ കടമകൾ നിറവേറ്റുവാൻ.
കൗമാരം കാത്തു നിന്നില്ലയെന്നിൽ
മാറ്റങ്ങളുണ്ടാക്കി പ്രകൃതി ഝടിതി
യൗവ്വനം നടമാടിയംഗങ്ങളിലുമകതാരിലും.

എങ്കിലും കടമ തൻ കടമ്പകൾ എന്നിലങ്കുരിച്ചു.
പ്രതിബന്ധങ്ങൾ ആരോപണങ്ങൾ
കഷ്ടതകൾ, തീവ്ര വേദനകൾ, ഭീതികൾ
ഏറ്റുവാങ്ങി ഐവർ ചേർന്ന്/ ജീവിത യുദ്ധം
തിമിർത്താടി കരയണയാൻ

ഏറെ പണിപ്പെട്ടു സഹനത്തിൻ തീക്കനലിൽ
നീറി നീറി സ്ഫുടം ചെയ്തു ഉണർന്നെഴുന്നേൽക്കവേ
സത്യത്തിൻ വഴി ഏറെ നീണ്ടതെന്ന സത്യത്താൽ
ഏറെ കാത്തിരിന്നു നീതിയും നെറിയും നേടുവാൻ
കുറവുകളേറെയുണ്ടെങ്കിലും

ദൈവത്തിൻ കൃപാകരങ്ങളാൽ
കുറവുകൾ അനുഗ്രഹങ്ങളെന്ന വിവേചനത്താൽ
ഈയരന്തുറ്റാണ്ടു പിന്നിടുമ്പൊഴും

സംതൃപ്തയായ്,കൃതാർത്ഥയായ് പ്രഭ ചൊരിഞ്ഞെൻ
വാഴ്വു ഞാനാസ്വദിപ്പൂ സതതം.



കെ.എം.പ്രഭ

# സംസ്ഥാന കലോൽസവത്തിൽ തിളങ്ങിയവർ










(59-ാം സംസ്ഥാന കലോൽസവം)

**സംസ്ഥാനപ്രവൃത്തിപരിചയമേളയിൽ "എ"ഗ്രേഡ് നേടിയ ഗോകുൽ.പി.**

# കവിതകൾ



**1.അനാഥൻ**

*പൂക്കളും പുഴകളുംകിനാവുകൾ*
*തിരികെയെടുത്തപ്പോൾ*
*അനാഥനായ കവിതയാണ ഞാൻ.*

**2.പുഴ**

*നിന്റെ മാലിന്യം കുടിച്ച് കുടിച്ച്*
*അതിസാരംവന്ന്*
*ഒടുങ്ങിപ്പോയ പുഴയാണ ഞാൻ.*

**3. പൂവ്**

*മരണത്തിന്റെ കണ്ണീരിലും*
*പ്രണയത്തിന്റെ പൊട്ടിച്ചിരിയിലും*
*മണംവിതറിപ്പോയ*
*പൂവായിരുന്ന ഞാൻ.*

**4. കുഞ്ഞ്**

*ശ്വാസം നിലച്ച്*
*കണ്ണടഞ്ഞ്*
*തീക്കട്ടയിലേക്ക് പൊയ്ക്കൊള്ളട്ടേ*
*പിഴച്ചുപോയ ചരിത്രത്തിന്റെ*
*കുഞ്ഞാവില്ല ഞാൻ.*



*ഡോ.സംഗീത്*
*എച്ച്.എസ്.എ.മലയാളം*

# *School youth festival*






# ആലത്തൂർ ഉപജില്ലാ കലോത്സവം 2019

## ഓവർ ഓൾ മൂന്നാം സ്ഥാനം......
## അഭിനന്ദനങ്ങൾ.......



# Dreams



**Dreams are wonders !**
**That lead us to a virtual world.**
**Which free us from every thing**
**in this material world.**

**They carry us on the wings of clouds**
**to the eternal bliss,  in our sleep**
**dreams are transience of life**
**which lose their glitter after a short time**

**They are fantacies in the real world**
**which causes delusion in our life**
**sometimes dreams are quite nightmares**
**which bumb us into deep dark holes**

**I like to see dreams throughout my life**
**but a hidden sorrow sleeps in my mind**
**that the eternal sunshine of the spotless mind**
**is lost after every dream....**



Malavika R
X  A

# അവൾ പിന്നേയും ഒഴുകുന്നു . . .



നദി പിന്നേയും ഒഴുകുന്നു
കൂടുതൽ ശൂന്യമായി മലിനമായി
നദി നമ്മോടു ചൊല്ലുന്നു
എന്നെ നശിപ്പിക്കരുതേ!

എന്തിനും താങ്ങായ് തണലായ്
നമ്മളിലൊരാൾ കൂടെ വേണമെന്നവൾ
അവൾ ആഗ്രഹിക്കുന്നു
നദിയുടെ കരസ്പർശത്താൽ

നമ്മളോരോരുത്തരും അലിഞ്ഞു പോകുന്നു
എന്തിന് ഭൂമിയിൽ ജീവനെടുക്കുന്നു
ഏവർക്കും ദുഃഖമകറ്റാൻ
ഒഴുകുന്നു അവളെന്നും.



**ലക്ഷ്മിജ.ജെ ,9B**

എന്നിലൂടെ ഒഴുകുന്ന തണുത്തക്കാറ്റ്
പൂവിന്റെ അശ്രുകണങ്ങളെ മായ്ക്കുന്നു
എന്നിലെത്തുന്ന ഒരു കുഞ്ഞിന്റെ
വിരഹവും ഞാൻ കാതോർക്കണം.

ഒഴുകുന്നു ഞാനെന്നും വിങ്ങുന്ന മനവുമായി
കേൾക്കു അവളുടെ ദുഃഖം ഒരു നിമിഷമെങ്കിലും
കേൾക്കു അവളുടെ നൊമ്പരം ഒരു കണമെങ്കിലും.

അവൾ പിന്നേയും ഒഴുകുന്നു
കൂടുതൽ ശൂന്യമായി മലിനമായി......

# കടംകഥകൾ



1. അകം എല്ലും തോലും പുറം പൊന്തം പൊന്തം.

2. അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി.



3. അകത്തേക്ക് പോകുമ്പോൾ പച്ച, പുറത്തേക്ക വരുമ്പോൾ ചുവപ്പ്.

4. അകന്നു നിന്ന് നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും.

5. അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല.

6. അച്ഛൻ മുള്ളൻ ,അമ്മ മിനുമിനു, മോൾ മണി മണി.

7. അക്കരെ വെടി പൊട്ടുമ്പോൾ, ഇക്കരെ കുട വിരിയുന്നു.

8. അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇക്കേവീട്ടിൽ മുറ്റമടി.

9. അമ്മ പെറ്റതെല്ലാം വെള്ള പട്ടാളം.

10. അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്.

## ഉത്തരങ്ങൾ.

1.വൈക്കോൽത്തുറു .2.മുഖം. 3. വെറ്റില മുറുക്ക് . 4. ക്യാമറ. 5. ചുണ്ണാമ്പ് . 6. ചക്ക. 7. ഇടിവെട്ടി കൂൺ മുളക്കുക.8. മുളയുടെ തലപ്പ്. 9. ചിതൽ. 10. ചിരവ.

# NMMS Scholarship

## നേടിയ

## ശ്രീരാഗ്,9 E






## അഭിനന്ദനങ്ങൾ. . .[1]

1 GOT FIRST PRIZE IN SOCIAL SCIENCE TALENT SEARCH EXAMINATION SUB-DISTRICT LEVEL

# സ്പെഷ്യൽ സ്കൂൾ കലോൽസവം(ചിത്രരചന)

## ബി ഗ്രേഡ്നേടിയ

## ഹഫ്സത്ത് എ . 8.എച്ച്









# ഈ പൊന്നോമനകൾ നമ്മുടെ

# സ്കൂളിന്റെ ഇരട്ട മധുരം






# ആഴക്കയത്തിൽ നിന്ന് സുബിൻ കോരിയെടുത്തത് ഒരു ജീവൻ



കിണറ്റിൽ അകപ്പെട്ട് മരണത്തോട് മല്ലടിച്ച വയോധികയെ സുബിൻ എന്ന പതിനഞ്ചുകാരൻ രക്ഷപെടുത്തിയത് സ്വന്തം ജീവൻ പണയപ്പെടുത്തിയാണ്. പഴമ്പാലക്കോട് എസ്എംഎം ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിയും പട്ടിപ്പറമ്പ് കിഴക്കേപ്പുര രവിചന്ദ്രൻ ഉഷാകുമാരി ദമ്പതികളുടെ മകനുമായ സുബിൻ[2] നാടിനും വീടിനും മാതൃകയായിരിക്കുകയാണ്.



2019 ജൂൺ 30 ന് രാവിലെയാണ് അയൽവാസിയായ കിഴക്കേ തെക്കേങ്കൽ ലീലാവതി (80)യെയാണ് രക്ഷപെടുത്തിയത്. അന്ന് രാവിലെ എട്ടരയോടെ വീട്ടിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് വീടിന് എതിർവശത്തുള്ള വീട്ടിൽ നിന്ന് നിലവിളിയും ആരോ വെള്ളത്തിൽ വീഴുന്ന ശബ്ദവും കേട്ടത്. അങ്ങോട്ട് പാഞ്ഞ സുബിൻ താൻ നിത്യവും കാണുന്ന ലീല മുത്തശ്ശി കിണറ്റിലെ നിലയില്ലാവെള്ളത്തിൽ മുങ്ങിത്താഴുന്ന അമ്പരപ്പിക്കുന്ന കാഴ്ചയാണ് കണ്ടത്.

അവൻ സ്വന്തം ജീവൻ മറന്ന് കിണറ്റിലേക്ക് എടുത്തുചാടി. കിണറിന്റെ ആഴത്തിലേക്ക് പതിച്ച് മുങ്ങിപ്പൊങ്ങിയ സുബിൻ തന്റെ കൊച്ചുകൈകളിൽ ലീലാവതിയെ വരിഞ്ഞുമുറുക്കി കിണറിന്റെ വശങ്ങളിലുള്ള

2സുബിൻ പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

പാറയിലിരുത്തി. ബഹളം കേട്ട് ബന്ധുക്കളും നാട്ടുകാരും ഓടിക്കൂടി. വൈകാതെ പഴയന്നൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ബെന്നിയും സംഘവും സ്ഥലത്തെത്തി ലീലാവതിയെ സുരക്ഷിതമായി കരയിലെത്തിച്ചു.



സുബിന്റെ അവസരോചിതവും മാതൃകാപരവുമായ നടപടിയിലൂടെ ലീലാവതിക്ക് പുനർജന്മം ലഭിക്കുകയായിരുന്നു. മരണത്തോട് മല്ലടിച്ച് വയോധികയെ രക്ഷിച്ചെടുത്ത ധീരമായ നടപടി സുബിന് അംഗീകാരം നേടിക്കൊടുത്തു. തിരുവില്വാമല പഞ്ചായത്ത് പ്രസിഡന്റ് മണിയുടെ നേതൃത്വത്തിലുള്ള ജനപ്രതിനിധികൾ ആ ദിവസം തന്നെ അനുമോദനങ്ങളുമായി വീട്ടിലെത്തി. പിറ്റേന്ന്, സുബിൻ ഇപ്പോൾ പഠിക്കുന്ന പഴമ്പാലക്കോട് എസ്എംഎം ഹൈസ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേർന്ന് അനുമോദന ചടങ്ങ് നടത്തി.

# School level sports



# SMART
# AMMA@SMMHSS
## PAZHAMBALACODE





# ചൂലന്നൂർ മയിൽ സങ്കേതത്തിലേയ്ക്ക്.....



കേരളത്തിലെ പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ മനോഹരമായ ഗ്രാമമാണ് ചൂലന്നൂർ. 3. 42 ച.കി.മീ. വിസ്തൃതിയുള്ള ചൂലന്നൂർ മയിൽ സങ്കേതം2007 ലാണ് രൂപീകൃതമായത്. 2008 ൽ ഇതിനെ "Chulanur Peafowl Sanctuary dedicated to the memory of Sri.K.K.Neelakantan" എന്ന് പുനർ നാമം ചെയ്തു . ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന ശ്രീ.കെ.കെ.നീലകണ്ഠൻ എന്ന പക്ഷിശാസ്ത്രജ്ഞന്റെ ഓർമ്മയ്ക്കായ് അദ്ദേഹത്തിനു സമർപ്പിക്കുന്നു എന്ന സങ്കല്പത്തിലാണ് ഇങ്ങനെ പുനർ നാമം ചെയ്തത്.



ചൂലന്നൂരിലെ ആർദ്ര ഇലപൊഴിയും വനങ്ങളും ഇവിടെ സ്വാഭാവികമായി കണ്ടുവരുന്ന മറ്റ് സസ്യജന്തുജാലങ്ങളും ജൈവ വൈവിധ്യത്താൽ സമ്പന്നവും അങ്ങേയറ്റം സംരക്ഷണ പ്രാധാന്യം അർഹിക്കുന്ന ഭൂപ്രദേശമാണ്. തൃശ്ശൂർ പാലക്കാട് ജില്ലകളിലെ തലപ്പിള്ളി ആലത്തൂർ താലൂക്കുകളുടെ പരിധിയിൽ വരുന്നു ഈ പ്രദേശം.





ചെറിയ കുന്നുകളും ചരിവുകളും പാറ ഇടുക്കുകളുമാണ് ചൂലന്നൂർ മയിൽ സങ്കേതത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും . 100 മീ മുതൽ മുതൽ 141 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഇവിടെ കണ്ടു വരുന്നു . വർഷത്തിൽ 2200 mm വരെ മഴ ലഭിക്കാറുള്ള ഈ വനപ്രദേശത്ത് തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്ക് പടിഞ്ഞാറൻ കാലവർഷവും മഴ കൊണ്ടുവരുന്നു.

സ്വാഭാവികമായി കണ്ടുവരുന്ന മയിലുകളെയും അവയുടെ ആവാസവ്യവസ്ഥയും സംരക്ഷിക്കുവാൻ വേണ്ടിയാണ് ചൂലന്നൂർ മയിൽ സങ്കേതം രൂപീകരിച്ചത്. ആർദ്ര ഇല പൊഴിയും വനങ്ങളും പാറ ഇടുക്കുകളും തുറസ്സായ സ്ഥലങ്ങളും മയിലുകൾക്ക് മികച്ച ഒരു ആവാസവ്യവസ്ഥ സമ്മാനിക്കുന്നു. അതു കൊണ്ടു തന്നെ മയിൽ സങ്കേതം ദേശീയതലത്തിൽ ചൂലന്നൂർ മാത്രമാണുള്ളത്.




ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ സാന്നിധ്യം കൊണ്ട് തന്നെ ഈ പ്രദേശത്ത് ഒരു പ്രത്യേക പാരിസ്ഥിതിക സന്തുലിതാവസ്ഥയും കാലാവസ്ഥയും അനുഭവപ്പെടുന്നു.



<u>സസ്യസമ്പത്ത്</u>: 337 ഇനം സസ്യങ്ങൾ ഇവിടെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇരുൾ, മരുതി, ഇലവ്, കലയം, പാതിരി, മഞ്ഞനത്തി, പേഴ്, വേങ്ങ, ആര്യവേപ്പ്, ഏഴിലം പാല, കരിമരുത്, ആ വൽ, ഈട്ടി, മുള്ളുവേങ്ങ തുടങ്ങിയ വൃക്ഷങ്ങൾ കണ്ടു വരുന്നു.




<u>മൃഗ സമ്പത്ത്</u>: 15 ഇനം സസ്തനികൾ - മുള്ളൻപന്നി, കീരി, വെരുക്, കാട്ടുപൂച്ച, ഈ നാംപേച്ചി, വിവിധയിനം വവ്വാലുകൾ, കാട്ടുപന്നി, മുയൽ എന്നിവ കണ്ടു വരുന്നു. 76 ഇനം പക്ഷികൾ ഇവിടെ ഉണ്ട്. Eurasian Golden Oriole , Golden Fronted Leafbird, Indian Grey Hornbill, Yellow Billed Babbler, Mottled Wood Owl, Indian Pond Heron മുതലായ പക്ഷികൾ ഇവിടെ കണ്ടു വരുന്നു.




**<u>പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരം</u>: കാടിനെ അടുത്തറിയാൻ ചൂലന്നൂർ - ചിലമ്പത്തോട്, ചൂല ന്നൂർ - നെച്ചോട്ട - വാച്ച് ടവർ എന്നീ റൂട്ടുകളിൽ സാഹസികർക്കു വേണ്ടി ചെറിയ തോതിലുള്ള ട്രക്കിംഗ് സംഘടിപ്പിച്ചിട്ടുണ്ട്.**

**<u>പ്രകൃതിസംരക്ഷണ അവബോധ പരിപാടികൾ</u>: സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും നേച്ചർ ക്ലബ്ബുകൾക്കും മറ്റ് താല്പര്യമുള്ള വിഭാഗങ്ങൾക്കും പ്രകൃതി പഠന ക്യാമ്പുകൾ ഇവിടെ സംഘടിപ്പിച്ചു വരുന്നു.പ്ലാസ്റ്റിക് നിരോധന മേഖലയാണ് ഇവിടെ.**

**മയിൽ സങ്കേതത്തിനുള്ളിൽ ഒരു ചിത്രശലഭപാർക്ക് ഉണ്ട്. ധാരാളം ഔഷധസസ്യങ്ങൾ അടങ്ങിയ മറ്റൊരു പാർക്കും ഉണ്ട് എന്നത് മയിൽസങ്കേതത്തിന് ഒന്നുകൂടി മനോഹാരിത കൂട്ടുന്നു. നവഗ്രഹ വൃക്ഷങ്ങൾ, രാശി വൃക്ഷങ്ങൾ, ജന്മനക്ഷത്ര വൃക്ഷങ്ങൾ എന്നിവ ആ പാർക്കിൽ കാണാം.**

**ചൂലന്നൂരിലെ കുഞ്ചൻ നമ്പ്യാർ സ്മൃതി വനത്തിലെ ഈ മയിൽ സങ്കേതത്തിലേക്ക് വായനക്കാരെ സ്വാഗതം ചെയ്തു കൊണ്ട് ഞാൻ ഈ റിപ്പോർട്ട് "ശലഭങ്ങൾ"ക്കു വേണ്ടി സമർപ്പിക്കുന്നു.**



**ഗീത.കെ.**
**എച്ച്.എസ്.എ.സോഷ്യൽസയൻസ്**
**(കൈറ്റ് മിസ്ട്രസ്സ്)**

# രസതന്ത്രത്തിൽ 2019 - ന്റെ പ്രത്യേകത






2019 ന രണ്ട് പ്രത്യേകതകളാണ് ഉള്ളത് . . . .

ഒന്ന്. . . . .


IUPAC(International union of pure and applied chemistry)

രൂപീകരിക്കപ്പെട്ട് 100 വർഷം തികയുന്നു. രസതന്ത്രത്തിൽ ലോകമെമ്പാടും സംഭവിക്കുന്ന നൂതന പ്രവണതകൾ മുന്നോട്ട് കൊണ്ടു പോകുന്നതിനും അതുവഴി മാനവരാശിയുടെ പുരോഗതിക്ക് രസതന്ത്രത്തിന്റേതായ സംഭാവന നൽകുന്നതിനുമായി പ്രവർത്തിക്കുന്ന ഈ അന്താരാഷ്ട്ര സംഘടന 1919-ൽ ആണ് രൂപീകരിക്കപ്പെട്ടത്.

INTERNATIONAL UNION OF
PURE AND APPLIED CHEMISTRY

# രണ്ട് . . . . . .

**ലോകത്തെ ഏറ്റവും പ്രശസ്തമായ പട്ടിക ഏതാണെന്ന് ചോദിച്ചാൽ, അത് രാസമൂലകങ്ങളുടെ പീരിയോഡിക് ടേബിൾ തന്നെ!**



**അറിയപ്പെടുന്ന 118 മൂലകങ്ങളുടെ പട്ടികയാണിത് . അതു മാത്രമാണോ? അല്ല,അതിലും വലിയ മാനങ്ങൾ ഇതിനുണ്ട് . പീരിയോഡിക് ടേബിൾ എന്നആവർത്തന പട്ടികയിലൂടെ യഥാർഥത്തിൽ നമ്മൾ നോക്കുന്നത് ഈ മഹാപ്രപഞ്ചത്തിലെ മുഴുവൻ ആറ്റങ്ങളിലേക്കാണ് !**

**ആധുനിക രസതന്ത്രത്തിന്റെ മൂലക്കല്ലായി മാറിയ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുന്നു. 2019 – നെ "അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം" ആയി യു.എൻ ആചരിക്കുന്നു.**

ПЕРИОДИЧЕСКАЯ СИСТЕМА ЭЛЕМЕНТОВ Д. И. МЕНДЕЛЕЕВА 491

**Периодическая система элементов Д. И. Менделеева.**

| ПЕРИОДЫ | РЯДЫ | ГРУППЫ ЭЛЕМЕНТОВ I | II | III | IV | V | VI | VII | VIII | 0 |
|---|---|---|---|---|---|---|---|---|---|---|
| I | 1 | 1 1,0080 H ВОДОРОД | | | | | | (H) | | 2 4,003 He ГЕЛИЙ |
| II | 2 | 3 6,940 Li ЛИТИЙ | 4 9,013 Be БЕРИЛЛИЙ | 5 10,82 B БОР | 6 12,011 C УГЛЕРОД | 7 14,008 N АЗОТ | 8 16,0000 O КИСЛОРОД | 9 19,00 F ФТОР | | 10 20,183 Ne НЕОН |
| III | 3 | 11 22,991 Na НАТРИЙ | 12 24,32 Mg МАГНИЙ | 13 26,98 Al АЛЮМИНИЙ | 14 28,09 Si КРЕМНИЙ | 15 30,975 P ФОСФОР | 16 32,066 S СЕРА | 17 35,457 Cl ХЛОР | | 18 39,944 Ar АРГОН |
| IV | 4 | 19 39,100 K КАЛИЙ | 20 40,08 Ca КАЛЬЦИЙ | 21 44,96 Sc СКАНДИЙ | Ti 22 47,90 ТИТАН | V 23 50,95 ВАНАДИЙ | Cr 24 52,01 ХРОМ | Mn 25 54,94 МАРГАНЕЦ | Fe 26 55,85 ЖЕЛЕЗО Co 27 58,94 КОБАЛЬТ Ni 28 58,69 НИКЕЛЬ | |
| | 5 | Cu 29 63,54 МЕДЬ | Zn 30 65,38 ЦИНК | Ga 31 69,72 ГАЛЛИЙ | 32 72,60 Ge ГЕРМАНИЙ | 33 74,91 As МЫШЬЯК | 34 78,96 Se СЕЛЕН | 35 79,916 Br БРОМ | | 36 83,80 Kr КРИПТОН |
| V | 6 | 37 85,48 Rb РУБИДИЙ | 38 87,63 Sr СТРОНЦИЙ | 39 88,92 Y ИТТРИЙ | Zr 40 91,22 ЦИРКОНИЙ | Nb 41 92,91 НИОБИЙ | Mo 42 95,95 МОЛИБДЕН | Tc 43 (99) ТЕХНЕЦИЙ | Ru 44 101,7 РУТЕНИЙ Rh 45 102,91 РОДИЙ Pd 46 106,7 ПАЛЛАДИЙ | |
| | 7 | Ag 47 107,880 СЕРЕБРО | Cd 48 112,41 КАДМИЙ | In 49 114,76 ИНДИЙ | 50 118,70 Sn ОЛОВО | 51 121,76 Sb СУРЬМА | 52 127,61 Te ТЕЛЛУР | 53 126,91 J ИОД | | 54 131,3 Xe КСЕНОН |
| VI | 8 | 55 132,91 Cs ЦЕЗИЙ | 56 137,36 Ba БАРИЙ | 57 138,92 La* ЛАНТАН | Hf 72 178,6 ГАФНИЙ | Ta 73 180,95 ТАНТАЛ | W 74 183,92 ВОЛЬФРАМ | Re 75 186,31 РЕНИЙ | Os 76 190,2 ОСМИЙ Ir 77 192,2 ИРИДИЙ Pt 78 195,23 ПЛАТИНА | |
| | 9 | Au 79 197,0 ЗОЛОТО | Hg 80 200,61 РТУТЬ | Tl 81 204,39 ТАЛЛИЙ | 82 207,21 Pb СВИНЕЦ | 83 209,00 Bi ВИСМУТ | 84 (209) Po ПОЛОНИЙ | 85 (210) At АСТАТИН | | 86 (222) Rn РАДОН |
| VII | 10 | 87 (223) Fr ФРАНЦИЙ | 88 226,05 Ra РАДИЙ | 89 (227) Ac АКТИНИЙ | Th 90 232,05 ТОРИЙ | Pa 91 (231) ПРОТАКТИНИЙ | U** 92 238,07 УРАН | | | |
| ВЫСШИЕ СОЛЕОБРАЗУЮЩИЕ ОКИСЛЫ | | $R_2O$ | $RO$ | $R_2O_3$ | $RO_2$ | $R_2O_5$ | $RO_3$ | $R_2O_7$ | $RO_4$ | |
| ВЫСШИЕ ГАЗООБРАЗНЫЕ ВОДОРОДНЫЕ СОЕДИНЕНИЯ | | | | | $RH_4$ | $RH_3$ | $RH_2$ | $RH$ | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| * ЛАНТАНОИДЫ | 58 140,13 Ce ЦЕРИЙ | 59 140,92 Pr ПРАЗЕОДИМ | 60 144,27 Nd НЕОДИМ | 61 (145) Pm ПРОМЕТИЙ | 62 150,43 Sm САМАРИЙ | 63 152,0 Eu ЕВРОПИЙ | 64 156,9 Gd ГАДОЛИНИЙ | 65 158,93 Tb ТЕРБИЙ | 66 162,46 Dy ДИСПРОЗИЙ | 67 164,94 Ho ГОЛЬМИЙ | 68 167,2 Er ЭРБИЙ | 69 168,94 Tu ТУЛИЙ | 70 173,04 Yb ИТТЕРБИЙ | 71 174,99 Lu ЛЮТЕЦИЙ |
| ** ТРАНСУРАНОВЫЕ ЭЛЕМЕНТЫ | Np 93 (237) НЕПТУНИЙ | Pu 94 (242) ПЛУТОНИЙ | Am 95 (243) АМЕРИЦИЙ | Cm 96 (245) КЮРИЙ | Bk 97 (249) БЕРКЕЛИЙ | Cf 98 (249) КАЛИФОРНИЙ | 99 (255) | 100 (255)? | | | | | | |

Рис. 3. Одна из коротких форм периодической системы. В скобках указаны массовые числа наиболее долгоживущих изотопов.

**ജീവശാസ്ത്രത്തിൽ ചാൾസ് ഡാർവിനും,ജനിതക ശാസ്ത്രത്തിൽ ഗ്രിഗർ മെഡലും നടത്തിയതിന് സമാനമായ മുന്നേറ്റമാണ് പീരിയോഡിക് ടേബിൾ വഴി റഷ്യൻ രസതന്ത്രജ്ഞനായ ദിമിത്രി ഇവാനോവിച്ച് മെൻഡലീഫ് 1869 ൽ രസതന്ത്രത്തിൽ നടത്തിയത് . അന്നറിയപ്പെട്ട 63 മൂലകങ്ങൾ ഉൾപ്പെടുത്തി അദ്ദേഹം ആവർത്തനപട്ടിക അവതരിപ്പിച്ചു. ആധുനിക ശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട**

സ്വാധീനം ചെലുത്താൻ പീരിയോഡിക് ടേബിളിനു കഴിഞ്ഞു. എല്ലാ ശാസ്ത്ര ശാഖകളുടെയും അന്തസത്ത പ്രതിഫലിപ്പിക്കുന്ന കണ്ടുപിടിത്തമാണിത്. ഒരു ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എങ്ങനെ വേർതിരിച്ചെടുക്കാമോ അത് പോലെ പീരിയോഡിക് ടേബിളിൽ നിന്ന് മൂലകങ്ങളുടെ സവിശേഷതകൾ നമുക്ക് ഗ്രഹിക്കാം.

150 വർഷം മുമ്പ് മെൻഡലീഫ് ആവിഷ്കരിച്ച പീരിയോഡിക് ടേബിൾ ഇന്ന് ഏറെ മാറിയിട്ടുണ്ട് .അദ്ദേഹത്തോടുള്ള ബഹുമാനാർഥം പീരിയോഡിക് ടേബിളിലെ 101 -ആം മൂലകത്തിനു "മെൻഡലീവിയം" എന്നു പേര് നൊബേൽ പുരസ്കാരത്തിന് പരിഗണിക്കപ്പെട്ടില്ലെങ്കിലും നൊബേൽ ലഭിച്ചപലരെയും പിന്നിലാക്കി മെൻഡലീഫും പീരിയോഡിക് ടേബിളും കാലത്തെഅതിജീവിച്ച് മുന്നേറുകയാണ് . . . .



ശശികല കെ.കെ,

[HSA ഫിസിക്കൽ സയൻസ് ]

(കൈറ്റ് മിസ്ട്രസ്സ്)

# "നേപ്പാൾ"-ഒരു ഓർമ്മക്കുറിപ്പ്



'നേപ്പാൾ' ഇന്ന്--
വെറുമൊരു പാഴ്ഭൂമി..,

പ്രൗഢമാം പൈതൃകങ്ങൾ,
ചരിത്ര സ്മാരകങ്ങൾ,
ഒക്കെയും മണ്ണോടമർന്ന്, നിസ്സഹായതയുടെ
കണ്ണീർക്കയത്തിൽ മുങ്ങുന്ന ദുരന്ത ഭൂമി..,

ജാതി,വർണ്ണ, പണ്ഡിത പാമര ഭേദമേതുമില്ലാതേ...
ജീവസ്സറ്റു കിടക്കുന്നജീവിതങ്ങൾ
എണ്ണിയാലൊടുങ്ങാതെ എവിടെയും..

പിന്നെ---
'മരണം'പോലുമുപേക്ഷിച്ച
ഒരിത്തിരി പാപജന്മങ്ങളും,
ചുറ്റിലും കഴുകൻ്റെ ചിറകടിയൊച്ചയുംമാത്രം.!

*ശാസ്ത്രം-
അത്യുന്നതങ്ങളിലേക്ക്* ഉയർന്നപ്പോൾ,
മാനവർ അതിമാനുഷികരായ്..!,
ആൾദൈവങ്ങൾ- അവതാരംകൊണ്ടു
സർവത്ര ...!!!

എന്നിട്ടും.......,
ആരാലും പ്രവചിക്കാനാവാതെ
ആരാലും പ്രതിരോധിക്കാനാവാതെ ..,
ആരാലും പ്രതിവിധിനൽകാനാകാതെ

ഒരു ഞൊടിയിടയിൽ,ഒരു കുഞ്ഞുചലനത്താൽ,
കനിഞ്ഞുനൽകിയവൾ



തന്നെ കവർന്നെടുത്തു ... വെറും
കനവായ്ത്തീർന്നു എല്ലാം..!!!!

സർവ്വംസഹയായ് ജനനിയേ
പ്രതിഷ്ഠിച്ച് ,
സർവ്വാധിപത്യത്തിൽ-
ഉൻമാദചിത്തനായ് കുതിക്കുന്ന
മർത്ത്യാ ----,,
'നാളേക്ക്', 'നാളേക്ക്'
എന്ന ആർത്തിയിൽ,
'നിന്നെ കുറിച്ചുമാത്രം
ഓർത്തു 'നീ' ---

'മണ്ണിലും''മനസ്സിലും'
വീറോടെ പടുത്തുയർത്തും മഹാസൗധങ്ങളൊക്കയും-
അമ്മതൻ മനമൊന്നു പിടഞ്ഞാൽ...,
'അവനി'യൊന്നു വിതുമ്പിയാൽ...,

ഒന്നുമവശേഷിക്കാതേ...,
ഒരൊറ്റ മാത്രയിൽ...
ഓർമ്മ മാത്രമായ്... തീർന്നീടുമെന്നതിൻ-
താക്കീത് മാത്രമാണ് നേപ്പാൾ..,



ഒരു ഓർമ്മകുറിപ്പാണിന്ന് നേപ്പാൾ ...
തിരിച്ചറിഞ്ഞീടുക.. ..'നീ'..!!!

രജനി.സി.
എച്ച്.എസ്.എ.ഇംഗ്ലീഷ്

# Little kites school level oneday camp



**By Subhash sir.**





# ALONE....

**You are the shadow**
**to my life**
**so I can’t feel**
**Alone...**

**You are the partner**
**to my life**
**I feel like**
**a blessed....**

**You entered as a fairy to my life**
**so you made Alone mind**
**to a**
**friendship mind...**

**After then I’m not alone**
**If this night is not forever**
**Atleast we are together**
**I know I’m not alone....**

**Anywhere whenever**
**apart but still together**
**I know I’m not alone**
**I know I’m not alone....**

**But when my**
**happiness is lost**
**I feel I’m alone**
**I know sometimes....**

**You will go**
**so I feel alone**
**then I will wander**
**like a unconscious man...**



അശ്വിൻ, 9-സി.

# നിമിഷങ്ങളിൽ



എനിക്കായ് നീ ഒരു പാട് കരയുന്നിതാ
നിമിഷങ്ങളിൽ

നമ്മളൊന്നായ് പ്രണയിച്ച കാവ്യ മായി ഒഴുകുന്ന
നിമിഷങ്ങളിൽ

നിൻ ഒരു വിളി ശബ്ദത്തിനായി കാതോർത്ത
നിമിഷങ്ങളിൽ

എന്നോടായി നീ ചേർന്ന
നിമിഷങ്ങളിൽ

എൻ പ്രിയനായി നീയെൻ ചാരത്ത് നിൽക്കും നിമിഷങ്ങളിൽ

നമ്മൾ രണ്ടായി പിരിഞ്ഞ വേർപാടിൽ
നിമിഷങ്ങളിൽ



എൻ കണ്ണുനീർ നിൻ മഴത്തുള്ളിയായ്
പൊഴിയുന്ന നിമിഷങ്ങളിൽ

അന്നാദ്യമായി ഞാൻ നിന്നെ അറിഞ്ഞ
നിമിഷങ്ങളിൽ

ഞാൻ നിന്നെ അറിയാതെ പ്രണയിച്ച
നിമിഷങ്ങളിൽ

അമീറ.എ ,9.എ.

എൻ പ്രിയതോഴ-
നായി നീ ചേർന്ന നിമിഷങ്ങളിൽ

എൻ വിലാപത്തിൽ നീ അറിയാതെ പൊഴിഞ്ഞ നിമിഷങ്ങളിൽ
ഞാൻ നിന്നിൽ ലയിച്ചു പോയി.

# ബാല്യകാലം



കുന്നിക്കുരു പെറുക്കുമ്പോൾ കരിവള താളമിട്ടും
കൂട്ടരുമൊത്ത് പായുമ്പോൾ കാറ്റിനെ കീഴടക്കിയും

പൊയ്പ്പോയ എൻ ബാല്യകാല മേ നിൻ മധുര-
മോർമ്മകൾ എൻ ഇടനെഞ്ചിൽ തുടിക്കുന്നു.

കാലത്തിനൊത്ത് നീ വിദൂരതയിലേക്ക് മറയുന്നു
എന്നെ തനിച്ചാക്കി നീ പോയിടുന്നു.

എന്നിരുന്നാലും നിൻ മധുരമോർമ്മകൾ
എൻ ഹൃദയത്തെ സഫലമാക്കുന്നു.

മധുര മിഠായി നുണഞ്ഞും പങ്കുവെച്ചും ജീവിച്ചും
ആ വിസ്മയ നിമിഷം കണ്ണൊന്ന്



ചിമ്മുന്നതിന് മുൻപ് നീ ഓടി മറഞ്ഞു.
കാലമെന്ന വിധി എന്നിൽ നിന്ന് തട്ടിമറിച്ചു

എൻ ബാല്യ കാലമേ വീണ്ടുമൊര
വസരം എനിക്കു നീ നൽകൂ ...

*അൻസീന,9 B*

# വംശഹത്യ



കുളിരിൽ വണ്ടി ഇറങ്ങുമ്പോൾ മനസ്സിലായില്ല ഇതേതാണ് സ്ഥലമെന്ന്. നേരം പരാ പരാവെളുക്കുന്നേ ഉള്ളൂ. ഒരു നിശ്ശബ്ദ പ്ലാറ്റ്ഫോം.അനന്തതയിലേക്ക് നീണ്ടുപോകുന്ന റെയിലുകൾ. അങ്ങുമിങ്ങും അരണ്ട വെളിച്ചത്തിൽ കത്തുന്ന ബൾബുകൾ.

വണ്ടി ഇറങ്ങാൻ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ' ബാക്കി യാത്രക്കാരെല്ലാം നല്ല ഉറക്കത്തിലായിരുന്നു' പ്ലാറ്റ്ഫോമിലെ മണിയടിയും വിസിലടിയും വണ്ടിയുടെ വേഗത ക്ക് താളം കൂട്ടി.

തെല്ല് അമ്പരപ്പോടെ ഞാൻ മുന്നോട്ട് നീങ്ങി. എല്ലാത്തിനോടും ഒരു വെറുപ്പായിരുന്നു, ഉപദേശങ്ങളോട് പ്രത്യേകിച്ചും. പഠിക്കുമ്പോൾ ടീച്ചറോടും, കുടുംബത്തിൽ ബന്ധുക്കളോടും, സമൂഹത്തോടും എന്തെന്നില്ലാത്ത അസഹിഷ്ണുത. സമാധാനം കിട്ടുമെന്ന പ്രതീക്ഷയിൽ വീട് വിട്ടു. കൂട്ടുകെട്ട് ഒരിക്കലും ഗുണം ചെയ്തില്ല. ബാഗിലെ ലഹരിമരുന്ന് വിവേകത്തെ നശിപ്പിച്ചിരുന്നു'

പിന്നെ... മണിക്കൂറുകളോളം നിന്ന പരിശീലനം.തീവ്രമായ മതനിന്ദ. മനുഷ്യന് എതിരെ ക്രൂരന്മുകൾ, ഭീഷണികൾ, പിന്നെ വെട്ടലും കുത്തലും.... എല്ലാം മടുത്ത്

സാധാരണ മനുഷ്യത്വത്തിലേക്കുള്ള തിരിച്ചു പോക്കാണ് ഇത്. സ്നേഹത്തിന്റെ ഒരംശം ബാക്കി ഉണ്ടാവില്ലേ? വീടും, നാടും, നാട്ടാരും എല്ലാം ഇട്ടെറിഞ്ഞ് പോന്നതല്ലേ എല്ലാം ഒരു സ്വപ്നം പോലെ തോന്നി. എവിടെയെല്ലാമോ സ്നേഹത്തിന്റെ കുമിളകൾ വീണ്ടും പതഞ്ഞ് പൊങ്ങുമെന്ന വിശ്വാസത്തിലാണ് ഞാൻ തിരിച്ചു വരുന്നത്



**രജത് രാജ് കെ.ടി , 9.B**

# മാധവിക്കുട്ടിയുടെ കോലാട് പുനർവായിക്കപ്പെടുമ്പോൾ...



**സ്ത്രീ അനുഭവിക്കുന്ന വേദനകളുടെയും സഹനങ്ങളുടെയും ആഴവും പരപ്പും ഈ ചെറുകഥ വിശദമാക്കുന്നുണ്ട്**

**<u>ഡോ.സംഗീത് രവീന്ദ്രൻ</u>**

**നാലാപ്പാട് എന്ന കാവ്യ തറവാട്ടിൽ നിന്ന് കടന്നുവന്ന് മലയാള കവിതാ-നോവൽ സാഹിത്യത്തിൽ സ്വന്തമായ ഇടം നെയ്തെടുത്ത എഴുത്തുകാരിയാണ് മാധവിക്കുട്ടി. സ്വന്തം ജീവിതാനുഭവവും ജീവിതപരിസരവും മാധവിക്കുട്ടിയുടെ ചെറുകഥകളുടെ ഉൾക്കരുത്താണ്. ഒട്ടുമിക്ക ചെറുകഥകളും കാലത്തിനൊപ്പം സഞ്ചരിക്കുന്നവയാണെന്ന് നിസ്സംശയം പറയാം. കേവലം 250 വാക്കിൽ ഒതുക്കിപ്പറഞ്ഞിരിക്കുന്ന ഒരു ചെറുകഥയാണ് കോലാട്. കാലത്തിന്റെ പല്ലൻചക്രങ്ങളുടെ ഗതിവേഗങ്ങളിൽ തിരസ്ക്കരിക്കപ്പെടാതെ കോലാട് എന്ന ചെറുകഥ ഉയർത്തുന്ന ജീവിത തലം ഇന്നും വ്യക്തതയോടെ നിലനിൽക്കുന്നു. ഏറെ പഠനങ്ങൾക്കും പുനർവായനകൾക്കും കാരണമായ ചെറുകഥയാണ് കോലാട്. സ്ത്രീപക്ഷരചന എന്ന പേരിൽ കോലാടിനെ നിരൂപണം ചെയ്യുന്നവരുമുണ്ട്. എന്നാൽ സ്ത്രീപക്ഷ രചനയുടെ ആശയലോകത്തെക്കാൾ എത്രയോ ആഴമേറിയ കുടുംബ-ജീവിത ദർശനമാണ് ഈ ചെറുകഥ ഉയർത്തിക്കാട്ടുന്നത്.**

**ഭർത്താവും രണ്ട് മക്കളുമൊത്ത് കഴിയുന്ന അമ്മക്കഥാപാത്രം. ഭർത്താവിന്റെയും മക്കളുടെയും ഭക്ഷണവും വസ്ത്രംഅലക്കും പാത്രംകഴുകലുകളുമൊക്കെയായ് എണ്ണിയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്ന അമ്മക്കഥാപാത്രത്തിന്റെ ജോലി. 40ാം വയസ്സിൽതന്നെ എല്ലും തോലുമായി മാറിയിരിക്കുന്നു. പരിഹാസക്കാരനായ മൂത്തമകൻ അമ്മയെക്കണ്ടാൽ**

കോലാടിനെപ്പോലെയിരിക്കുമെന്ന് പറഞ്ഞപ്പോൾ മറ്റാരുമില്ലാത്ത സമയത്ത് അമ്മ സ്വന്തം രൂപം കണ്ണാടയ്ക്ക് മുന്നിൽ നിന്ന് കണ്ടു.മെല്ലിച്ച രൂപവും യൗവ്വനകാലവും ഒക്കെ മനസിലേക്ക് വന്നപ്പോൾ അടുപ്പത്ത് തിളപ്പിക്കാൻ വയ്ച്ചിരിക്കുന്ന പാലിന്റെ കാര്യം ഓർമയിലേക്ക് വന്നു. കണ്ണാടി ഉപേക്ഷിച്ച് അടുക്കളയിലേക്ക് പാഞ്ഞു.

ഇളയമകൻ ഒരിക്കൽ സ്കൂൾ വിട്ട് വന്നപ്പോൾ ഒരു നെല്ലിക്ക അമ്മയ്ക്ക് നൽകി. ആ നെല്ലിക്ക അടുക്കളയുടെ ഇരുട്ടിൽ വച്ച് നോക്കി അമ്മ കണ്ണീരൊഴുക്കി. ആ കണ്ണീരിന് ആഴമേറിയ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഗന്ധമുണ്ടായിരുന്നു. കാലത്തിന്റെ കടന്നുപോക്കിൽ ഇളയമകന്റെ കണ്ണിലും അമ്മ ഒരു പേക്കോലമായി മാറി. സ്കൂളിലെ ഡ്രാമയ്ക്ക് താനും വരാമെന്ന് അമ്മ പറയുമ്പോൾ അമ്മ വരണ്ടാ എനിക്ക് കുറവാണ് എന്ന് അവൻ പറയുന്നത് അമ്മയുടെ ഉള്ള് വേദനിപ്പിക്കുന്നുണ്ട്. താൻ സിൽക്ക് സാരി ഉടുക്കാലോ, എന്റെ കല്യാണസാരി എന്ന് പറയുമ്പോഴും ,എന്നാലും വരണ്ടാ എന്നാണ് ഇളയമകൻ പറയുന്നത്. വീട്ടുകാർ ക്കുവേണ്ടി വിശ്രമമില്ലാതെ ജോലി ചെയ്ത അമ്മയ്ക്ക് അസുഖം പിടിപെടുന്നു.

ഇഞ്ചിനീരും കുരുമുളക് രസവും ഒന്നും അമ്മയുടെ അസുഖത്തിന് പരാഹാരമായില്ല എന്ന് കഥാകാരി പ്രയോഗിക്കുമ്പോൾ അമ്മമാർ പൊതുവെ സ്വീകരിക്കുന്ന പൊടിക്കൈകളെ ഓർമയിലേക്ക് കൊണ്ടുവരുന്നു.പലപൊടിക്കൈകളും പരീക്ഷിച്ച് തീർത്തും രക്ഷയില്ലാതെ വരുമ്പോഴാണ് അമ്മമാർ ആശുപത്രിയിലേക്ക് പോകുന്നത് എന്നത് വസ്തുതയാണ്. രോഗം കൂടി ഗത്യന്തരമില്ലാതെ ആശുപത്രിക്കിടക്കയിൽ കണ്ണ് മിഴിച്ചുകൊണ്ട് കിടന്ന അമ്മ അയ്യോ പരിപ്പ് കരിയിന്നുണ്ടെന്ന് തോന്നു എന്ന് പറഞ്ഞപ്പോൾ ഭർത്താവിന്റെ കണ്ണ് നിറഞ്ഞുവെന്ന് പറഞ്ഞ് കഥ അവസാനിക്കുകയാണ്. കുടുംബജീവിതത്തിൽ സ്ത്രീ അനുഭവിക്കുന്ന വേദനകളുടെയും സഹനങ്ങളുടെയും ആഴവും പരപ്പും ആയിരക്കണക്കിന് വാക്കുകളിൽ വിവരിക്കാവുന്ന തരത്തിലാണ് ഈ ചെറുകഥ ഒരുക്കിയിരിക്കുന്നത്. നിരക്ഷരതയാണ് ഇത്തരത്തിൽ ദുരിതമയമായ ജീവിതം നയിക്കാൻ സ്ത്രീകൾ വിധിക്കപ്പെടുന്നതിന് കാരണമെന്ന് കഥാകാരി

**പരോക്ഷമായി പറയുന്നുണ്ട്. വീടും അടുക്കളയുമായി കഴിഞ്ഞുപോകുന്ന നാലാപ്പാട് എന്ന കാവ്യ തറവാട്ടിൽ നിന്ന് കടന്നുവന്ന് മലയാള കവിതാ-നോവൽ സാഹിത്യത്തിൽ സ്വന്തമായ ഇടം നെയ്തെടുത്ത എഴുത്തുകാരിയാണ് മാധവിക്കുട്ടി. സ്വന്തം ജീവിതാനുഭവവും ജീവിതപരിസരവും മാധവിക്കുട്ടിയുടെ ചെറുകഥകളുടെ ഉൾക്കരുത്താണ്. ഒട്ടുമിക്ക ചെറുകഥകളും കാലത്തിനൊപ്പം സഞ്ചരിക്കുന്നവയാണെന്ന് നിസ്സംശയം പറയാം.**

**കേവലം 250 വാക്കിൽ ഒതുക്കിപ്പറഞ്ഞിരിക്കുന്ന ഒരു ചെറുകഥയാണ് കോലാട്. കാലത്തിന്റെ പല്ലൻചക്രങ്ങളുടെ ഗതിവേഗങ്ങളിൽ തിരസ്ക്കരിക്കപ്പെടാതെ കോലാട് എന്ന ചെറുകഥ ഉയർത്തുന്ന ജീവിത തലം ഇന്നും വ്യക്തതയോടെ നിലനിൽക്കുന്നു. ഏറെ പഠനങ്ങൾക്കും പുനർവായനകൾക്കും കാരണമായ ചെറുകഥയാണ് കോലാട്. സ്ത്രീപക്ഷരചന എന്ന പേരിൽ കോലാടിനെ നിരൂപണം ചെയ്യുന്നവരുമുണ്ട്. എന്നാൽ സ്ത്രീപക്ഷ രചനയുടെ ആശയലോകത്തെക്കാൾ എത്രയോ ആഴമേറിയ കുടുംബ-ജീവിത ദർശനമാണ് ഈ ചെറുകഥ ഉയർത്തിക്കാട്ടുന്നത്.**

**ഭർത്താവും രണ്ട് മക്കളുമൊത്ത് കഴിയുന്ന അമ്മക്കഥാപാത്രം. ഭർത്താവിന്റെയും മക്കളുടെയും ഭക്ഷണവും വസ്ത്രംഅലക്കും പാത്രംകഴുകലുകളുമൊക്കെയായ് എണ്ണിയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്ന അമ്മക്കഥാപാത്രത്തിന്റെ ജോലി. 43-ാം വയസ്സിൽതന്നെ എല്ലും തോലുമായി മാറിയിരിക്കുന്നു. പരിഹാസക്കാരനായ മൂത്തമകൻ അമ്മയെക്കണ്ടാൽ കോലാടിനെപ്പോലെയിരിക്കുമെന്ന് പറഞ്ഞപ്പോൾ മറ്റാരുമില്ലാത്ത സമയത്ത് അമ്മ സ്വന്തം രൂപം കണ്ണടയ്ക്ക് മുന്നിൽ നിന്ന് കണ്ടു.മെല്ലിച്ച രൂപവും യൗവ്വനകാലവും ഒക്കെ മനസിലേക്ക് വന്നപ്പോൾ അടുപ്പത്ത് തിളപ്പിക്കാൻ വയ്ച്ചിരിക്കുന്ന പാലിന്റെ കാര്യം ഓർമയിലേക്ക് വന്നു. കണ്ണാടി ഉപേക്ഷിച്ച് അടുക്കളയിലേക്ക് പാഞ്ഞു.**

**ഇളയമകൻ ഒരിക്കൽ സ്കൂൾ വിട്ട് വന്നപ്പോൾ ഒരു നെല്ലിക്ക അമ്മയ്ക്ക് നൽകി. ആ നെല്ലിക്ക അടുക്കളയുടെ ഇരുട്ടിൽ വച്ച് നോക്കി അമ്മ കണ്ണീരൊഴുക്കി. ആ കണ്ണീരിന് ആഴമേറിയ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഗന്ധമുണ്ടായിരുന്നു.**

**കാലത്തിന്റെ കടന്നുപോക്കിൽ ഇളയമകന്റെ കണ്ണിലും അമ്മ ഒരു പേക്കോലമായി മാറി. സ്കൂളിലെ ഡ്രാമയ്ക്ക് താനും വരാമെന്ന് അമ്മ പറയുമ്പോൾ അമ്മ വരണ്ടാ എനിക്ക് കുറവാണ് എന്ന് അവൻ പറയുന്നത് അമ്മയുടെ ഉള്ള് വേദനിപ്പിക്കുന്നുണ്ട്. താൻ സിൽക്ക് സാരി ഉടുക്കാലോ, എന്റെ കല്യാണസാരി എന്ന് പറയുമ്പോഴും ,എന്നാലും വരണ്ടാ എന്നാണ് ഇളയമകൻ പറയുന്നത്. വീട്ടുകാർക്കുവേണ്ടി വിശ്രമമില്ലാതെ ജോലി ചെയ്ത അമ്മയ്ക്ക് അസുഖം പിടിപെടുന്നു.**

**ഇഞ്ചിനീരും കുരുമുളക് രസവും ഒന്നും അമ്മയുടെ അസുഖത്തിന് പരാഹാരമായില്ല എന്ന് കഥാകാരി പ്രയോഗിക്കുമ്പോൾ അമ്മമാർ പൊതുവെ സ്വീകരിക്കുന്ന പൊടിക്കൈകളെ ഓർമയിലേക്ക് കൊണ്ടുവരുന്നു.പലപൊടിക്കൈകളും പരീക്ഷിച്ച് തീർത്തും രക്ഷയില്ലാതെ വരുമ്പോഴാണ് അമ്മമാർ ആശുപത്രിയിലേക്ക് പോകുന്നത് എന്നത് വസ്തുതയാണ്. രോഗം കൂടി ഗത്യന്തരമില്ലാതെ ആശുപത്രിക്കിടക്കയിൽ കണ്ണ് മിഴിച്ചുകൊണ്ട് കിടന്ന അമ്മ അയ്യോ പരിപ്പ് കരിയിന്നുണ്ടെന്ന് തോന്നു എന്ന് പറഞ്ഞപ്പോൾ ഭർത്താവിന്റെ കണ്ണ് നിറഞ്ഞുവെന്ന് പറഞ്ഞ് കഥ അവസാനിക്കുകയാണ്.**

**കുടുംബജീവിതത്തിൽ സ്ത്രീ അനുഭവിക്കുന്ന അമ്മമാർക്ക് ലോകത്ത് അനുദിനം നടക്കുന്ന മാറ്റങ്ങളെ അറിയാൻ കഴിയുന്നില്ലെങ്കിലും ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്നത് കടലിനേക്കാൾ ആഴമേറിയ സ്നേഹക്കടമാണെന്ന് ആരാണ് അറിയാൻ ശ്രമിക്കുന്നത്.**



***ഡോ.സംഗീത്***
***എച്ച്.എസ്.എ.മലയാളം***

# പഴഞ്ചൊല്ലിൽ പതിരില്ല



1. അകത്തെ അഴകു മുഖത്തറിയാം

2. ആകാശം വീഴുമെന്ന് കരുതി തുണകൊടുക്കാറുണ്ടോ?

3. ഇടിവെട്ടിയവനെ പാമ്പുകടിച്ചു.

4.ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്.

5. ഊക്കുള്ളവന് ഉന്നമില്ല; ഉന്നമുള്ളവന് ഊക്കില്ല .

6. എത്താത്ത മുന്തിരി പുളിക്കും.

7. എള്ളിട തെറ്റിയാൽ വില്ലിട തെറ്റും.

8. ഏതാന്തമുണ്ടെങ്കിൽ ആരാന്തമുണ്ട്.

9. കട്ടിൽ ചെറുതായാലും കാലു നാലു വേണം.

10. കുതിരയില്ലാത്ത നാട്ടിൽ കഴുത തമ്പുരാൻ.

(ലിറ്റിൽ കൈറ്റ്സ്)

## ഉത്തരങ്ങൾ

1. മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ്.

2. സംഭവിക്കാത്ത കാര്യത്തിന് പ്രതിവിധി ആലോചിക്കുന്നത് വിഡ്ഢിത്തം'

3. ഒരാപത്തു സംഭവിച്ചതിന്റെ പുറത്തു മറ്റൊരാ പത്തു കൂടി സംഭവിക്കുക.

4. സമ്പത്തും സൗഖ്യവുമനുഭവിക്കുന്നവൻ അതില്ലാത്തവന്റെ കഷ്ടപ്പാട് അറിയുന്നില്ല

5. ശക്തിയുള്ളവന് ( കഴിവുള്ളവ് ) വശമില്ല. വശമുള്ളവന് കഴിവില്ല. ഏതായാലും കാര്യം സാധിക്കാതെ വരുന്നു. ശക്തിയും ഉന്നവും ഉള്ളവനേ ഉദ്ദേശിക്കുന്നിടത്ത് എറിഞ്ഞു കൊള്ളിക്കാൻ കഴിയൂ.

6. ആഗ്രഹിച്ച വസ്തു കിട്ടാതെ വരുമ്പോൾ അതു ചീത്തയാണെന്നു പറയുക.

7. നമ്മുടെ പ്രവൃത്തികളിൽ വളരെ ചെറിയ ഒരു വീഴ്ച വന്നെന്നിരിക്കട്ടെ , പിന്നീട്ടു വരുന്ന കാര്യങ്ങളിൽ ആകെ തെറ്റുവാൻ അത് കാരണമാകും.

8. കൈയിൽ വല്ലതും (ധനം) ഉണ്ടെങ്കിൽ കൂട്ടുകാരുമുണ്ട്.

9. എന്തെങ്കിലും ഒരു കാര്യം വളരെ എളിയ രീതിയിൽ നിർവ്വഹിക്കുമ്പോഴും അത്യാവശ്യമുള്ളതൊന്നും വേണ്ടെന്നു വയ്ക്കാൻ പറ്റുകയില്ല.

10. ശക്തന്മാരും കേമന്മാരും ഇല്ലാത്തിടത്ത് നിസ്സാരന്മാർ കേമത്വം ഭാവിക്കുന്നു.

# അവസാനമായി അവളുടെ വാക്കുകൾ

## ഒന്നിടറി .......



***അവളറിയാതെ തന്നെ അവളുടെ മിഴികളിൽ നിന്ന് അശ്രുക്കൾ പൊഴിഞ്ഞു. അവൻ അവളെ മാറോട്ട ചേർത്ത് കാതിൽ ഒരു സ്വകാര്യം പറയുന്നവണ്ണം 'കരയല്ലേ ' എന്നോതി . ചിലപ്പോൾ അത് അവസാനത്തെ സ്പർശനമായിരിക്കാം.***

***ഒരു മഴയുള്ള സായാഹ്ന വേളയിലായിരുന്നു അപ്പുവിന്റേയും മീനുവിന്റെയും ആദ്യത്തെ സംഗമം. അവർ തമ്മിൽ കാണുന്നതും അന്നായിരുന്നു. പിന്നീടങ്ങോട്ടുള്ള ദിനങ്ങളിൽ ഇരുവരുടേയും ചങ്ങാത്തം കൂടുതൽ ദൃഢമായി. എന്ത് കാര്യത്തിനും ഒപ്പം നിന്നും പള്ളിക്കൂടത്തിലേക്ക് ഒരു മിച്ച് പോയതും അവൾ ചെയ്ത തെറ്റുകൾക്ക് അവനും, അവൻ ചെയ്ത തെറ്റുകൾക്ക് അവളും ചൂരലിന്റെ ചൂടുള്ള അടി വാങ്ങിയതും, ഉച്ചക്കഞ്ഞി കഴിക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും കൈമാറി കഴിച്ചതുമായ ഒരു പാട് മധുരമേറിയ ഓർമ്മകൾ അന്നേരം അവരുടെ ഹൃദയത്തിലൂടെ കടന്നു പോയി. അങ്ങനെ സ്നേഹം അങ്ങോട്ടുമിങ്ങോട്ടും പങ്കിടുന്ന കാലങ്ങൾ പെട്ടെന്ന് മാഞ്ഞു പോയി .***

***ഇരുവരും വളർന്നു വലുതായി. ആ പഴയ കുട്ടിത്തങ്ങളെല്ലാം അവസാനിച്ചു. പകരം ഇരുവരും തമ്മിൽ പരസ്പരം പ്രണയത്തിന്റെ വക്കിലേക്ക് കൊണ്ടെത്തിച്ചു. കുഞ്ഞുനാൾ മുതലേ തുടങ്ങിയ ഈ സൗഹൃദം അവർ വളർന്നിട്ടും അങ്ങനെത്തന്നെ തീവ്രമായി നിലനിന്നു. ആ സ്നേഹത്തിനു മുമ്പിൽ പല കമിതാക്കളും തോറ്റു പോയി. എന്നാൽ ഇവരുടെ സാഹചര്യങ്ങൾ അതിനനുവദിച്ചില്ല.***
***മീനുവിന്റെ കുടുംബത്തിന് ഈ വക കാര്യങ്ങളോട് എതിർപ്പായിരുന്നു. എന്നിട്ടുപോലും അവർ ഈ എതിർപ്പിനെതിരെ പ്രവർത്തിച്ചു. സ്നേഹം പ്രണയം  അവർക്കിടയിൽ കൂടുതൽ ഊർജിതമായി .***
***പെട്ടെന്നൊരു ദിനം ഒരു അന്തരീക്ഷം മീനുവിന്റെ വീട്ടിലുണ്ടായി. വീട്ടുകാരുടെ തീരുമാനത്തിനെതിരു നിൽക്കാൻ മീനുവിന് കഴിയുമായിരുന്നില്ല. തീരുമാനം ഇതായിരുന്നു. ഇരുവരുടേയും പ്രണയം ഇതോടെ തീരണം. അതിനായി മീനു വിദേശത്ത് പോയി***

പഠിക്കണം. അവിടെ നിന്ന് പഠിച്ച് ഉയർന്ന ഉദ്യോഗവും ശമ്പളവും നേടിയതിനു ശേഷം നാട്ടിലേക്കു വന്നാൽ ഉടൻ തന്നെ അവളെ നല്ല രീതിയിൽ കെട്ടിച്ചയയ്ക്കണം. പെട്ടെന്ന് ഒരു തീരുമാനം വിളംബരം ചെയ്താൽ തകരുന്ന ബന്ധമായിരുന്നില്ല അവരുടേത്. പക്ഷെ മീനുവിന് അത് അംഗീകരിക്കേണ്ടി വന്നു.

അവൾ ഒരിക്കലും തന്റെ അച്ഛനെ ധിക്കരിച്ച് ഒന്നും ചെയ്തിട്ടില്ല. ഈ കാര്യവും അതുപോലെ തന്നെയാണ്. ഏതായാലും ഇനി അവളുടെ മുമ്പിൽ ഒരു വഴിയേ ഉള്ളൂ. കാര്യം അപ്പുവേട്ട നോട് പറയണം, തന്നെ മറക്കണം എന്നും. അവന് ഇതൊന്നും സഹിക്കാനാവില്ല എന്ന് മീനുവിനറിയാം. പക്ഷെ അവൾക്ക് ഈ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാനും കഴിഞ്ഞില്ല.



അച്ഛന്റെ വാക്കു മാനിച്ച് ഒരു സായാഹ്ന വേളയിൽ അവൾ, അവർ ഇരുവരും എപ്പോഴും ഒരുമിച്ചിരിക്കുന്ന പുഴക്കടവിലെത്തി. അവിടെ എന്നത്തേതുപോലെ അവളെ നോക്കി അവൻ ഇരിപ്പുണ്ടായിരുന്നു. അവനെ കണ്ടപ്പോൾ അവളുടെ ചിലങ്കകളുടെ മണീനാദം നേർത്തു നേർത്തു വന്നു. പുഴയിലേക്ക് കല്ലെറിഞ്ഞിരിക്കുന്ന അവന്റെ തോളിൽ പതിയെ അവൾ കൈവച്ചു. അവളെ കണ്ടയുടനെ തന്നെ അവൻ ചാടിയെണീറ്റു. അവൻ അവളോട് പ്രണയം പങ്കുവയ്ക്കാനുള്ള ദിനം കൂടിയായിരുന്നു അന്ന്.

അവൻ എന്തോ പറയാനൊരുങ്ങുന്ന വേളയിൽ തന്നെ അവൾ അവന്റെ ചുണ്ടിൽ അവൾ കൈയ്യുടച്ചു വച്ചു. എന്നിട്ടു പറഞ്ഞു ," ഞാൻ പോകുന്നു അപ്പുവേട്ടാ, എന്നെ മറക്കണം. നമ്മൾ തമ്മിൽ ഇനി കണ്ടെന്നു വരില്ല. എന്നിരുന്നാലും എന്റെ മനസ്സിന്റെ കോണിൽ എന്റെ അപ്പുവേട്ടനുണ്ട്". അവസാനത്തെ വാക്കു പറയുമ്പോഴേക്കും അവളുടെ വാക്കുകൾ ഇടറി. ഗദ്ഗദം പൂണ്ടു. പരസ്പരം ഇരുവരും ഏറെ നേരം മൂകരായി നോക്കി നിന്നു.........



കാർത്തിക.കെ,10-എ

# സ്നേഹം



## അമ്മയുടെ സ്നേഹം

*അമ്മതൻ കുഞ്ഞിനെ*
*ലാളിക്കുന്ന സ്നേഹിക്കുന്ന*
*തൻ കുഞ്ഞിനു വേണ്ടി ചോര*
*പാലാക്കി മാറ്റി വിശപ്പകറ്റുന്ന ...അമ്മ*

## അച്ഛന്റെ സ്നേഹം

*തൻകുഞ്ഞിനു വേണ്ടി ചോര നീരാക്കി പണിയുന്നു....*
*തൻ കുഞ്ഞിന്റ വിശപ്പകറ്റുവാൻ*
*വേനലിൻ ഗൗരവത്തെ*
*പുലരിയുടെ സ്നേഹമാക്കി മാറ്റുന്ന അച്ഛൻ .....*

## തള്ളപ്പക്ഷി

*തൻ കുഞ്ഞിനെ റാഞ്ചാൻ*
*കൺ തുറന്നിരിക്കുന്ന*
*കഴുകന്റെ കണ്ണിനെ*
*കൊത്തിപ്പറിക്കുന്ന പക്ഷിയമ്മ*

## വൃക്ഷങ്ങൾ

*മണ്ണിനു മേൽ ചില്ലകൾ കൂട്ടമെന്നു ഭയന്നു*
*അകറ്റി നിർത്തിയ വൃക്ഷങ്ങൾ*
*മണ്ണിനടിയിൽ വേരുകൾ കൊണ്ട്*
*കെട്ടിപ്പുണർന്നു നിൽക്കുന്നു*

## കൂട്ടുകാർ

*നന്മയും തിന്മയും വേർതിരിച്ചു*
*പറഞ്ഞു തരുന്ന കൂട്ടുകാർ.*
*ചെറു മിഠായി കഷ്ണം പോലും പാതിയായ്*
*മുറിച്ചു തന്ന സ്നേഹം പകർന്ന കൂട്ടുകാർ...*

**പ്രകൃതിഅമ്മയുടെ സ്നേഹം**

*അമ്മതൻ കുഞ്ഞിനെ*
*ലാളിക്കുന്നു സ്നേഹിക്കുന്നു*
*തൻ കുഞ്ഞിനു വേണ്ടി ചോര*
*പാലാക്കി മാറ്റി വിശപ്പകറ്റുന്നു ...അമ്മ*

**അച്ഛന്റെ സ്നേഹം**

*തൻകുഞ്ഞിനു വേണ്ടി ചോര നീരാക്കി പണിയുന്നു....*
*തൻ കുഞ്ഞിന്റ വിശപ്പകറ്റുവാൻ*
*വേനലിൻ ഗൗരവത്തെ*
*പുലരിയുടെ സ്നേഹമാക്കി മാറ്റുന്നു അച്ഛൻ .....*

**തള്ളപ്പക്ഷി**

*തൻ കുഞ്ഞിനെ റാഞ്ചാൻ*
*കൺ തുറന്നിരിക്കുന്ന*
*കഴുകന്റെ കണ്ണിനെ*
*കൊത്തിപ്പറിക്കുന്നു പക്ഷിയമ്മ*

**വൃക്ഷങ്ങൾ**

*മണ്ണിനു മേൽ ചില്ലകൾ കൂട്ടമെന്നു ഭയന്നു*
*അകറ്റി നിർത്തിയ വൃക്ഷങ്ങൾ*
*മണ്ണിനടിയിൽ വേരുകൾ കൊണ്ട്*
*കെട്ടിപ്പുണർന്നു നിൽക്കുന്നു*

*വേനലിൻ ചൂടകറ്റി സ്നേഹം*
*പകർത്തുവാൻ*
*തണൽ പന്തലായ് നിൽക്കുന്നു*
*മരങ്ങൾ...*
*ദാഹം ശമിക്കുവാൻ പുഴയും*
*അരുവിയും,*
*വിശപ്പ് ശമിക്കുവാൻ കായ്കളും*
*ഫലങ്ങളും തരുന്ന പ്രകൃതി....*
*എല്ലാവരും നൽകുന്ന സ്നേഹം*
*അത് വാനോളം വലുത്.*



ഫിദ ഫാത്തിമ
9 B

# അമ്മ എന്ന സ്നേഹം



അപ്പോഴായിരുന്നു അവൾക്ക് അവളുടെ തെറ്റ് മനസിലായത്. അമ്മയ്ക്ക് നേരെ കാണിച്ച അവഗണനയെ. എന്നാൽ ഇന്നെല്ലാം നഷ്ടമായി . അമ്മ മരിച്ചിരിക്കുന്നു . രാമുണ്ണിയേട്ടൻ കുറച്ചു നേരത്തെ ഇതെല്ലാം അറിയിച്ചിരുന്നെങ്കിൽ. .... അവൾക്ക് അത് അക്ഷന്തവ്യമായിരുന്ന അപരാധമായി തോന്നില്ലായിരുന്നു. തനിക്ക് ഭർത്താവും ജോലിയും ഇത്രയും പ്രൗഢിയുള്ള ജീവിതമൊക്കെയായപ്പോൾ തന്റെ നാട്ടിൻ പുറവും ഗ്രാമീണ ജീവിതവുമെല്ലാം മറന്നു.

അമേരിക്കയിൽ ഭർത്താവിനോടൊപ്പം പോയതിൽ പിന്നെ അമ്മ എന്ന സ്നേഹത്തെ തന്നെ മറന്നു. അമ്മയാണെങ്കിൽ ഓരോ നിമിഷവും തന്നെക്കുറിച്ചുള്ള വ്യാകുലതകൾ മാത്രമായിരുന്നു. അമ്മയ്ക്കെന്നും തന്നെ കണ്ടിരിക്കണമെന്നായിരുന്നു എങ്കിൽ തന്റെ തിരക്കിൽ അമ്മ അതിനൊന്നും ശാഠ്യം പിടിക്കുകയില്ല. ഭർത്താവിനാണെങ്കിൽ നാട്ടിൻ പുറവും അമ്മയും ഒന്നും ഇഷ്ടമല്ല .അതിനാൽ തന്നെ അവളും ഭർത്താവിന്റെ താൽപര്യത്തിൽ ജീവിക്കാൻ തീരുമാനിച്ചു.നാട്ടിൽ അഥവാ പോയാൽ തന്നെ ഒരു ദിവസം പോലും അമ്മയോടൊപ്പം ചിലവഴിക്കാൻ താൽപര്യം ഉണ്ടായിരുന്നാൽ പോലും ഭർത്താവിനൊത്ത് ജീവിക്കാൻ അമ്മ എന്ന സ്നേഹത്തെ തന്നെ മറക്കാൻ തീരുമാനിച്ചു വല്ലപ്പോഴും ഉള്ള ഫോൺ വിളിയും ഇല്ലാതായി.

അവൾക്ക് അമ്മയെ കാണുവാൻ താൽപര്യം ഉണ്ടായിരുന്നു.അമ്മയുടെ കാര്യം പറഞ്ഞാൽ ഭർത്താവും അവളും തമ്മിൽ കലഹമാകും. ഭർത്താവ് അവളെ പുച്ഛിക്കും . ഒരിക്കൽ അമ്മയുടെ കാര്യം പറഞ്ഞപ്പോഴേയ്ക്കും

പണത്തിനോടുള്ള സ്വാർത്ഥതയുള്ള അയാൾ അവളെ തല്ലാൻ പോലും മടിക്കാതിരുന്നില്ല . അത്രയ്ക്കും ദുഷ്ടനായി തീർന്നിരുന്നു അയാൾ. മദ്യപിച്ച് വന്ന സമയത്ത് അയാൾ അവളെ ഒരു പാട് പരിഹസിച്ചു. അമ്മയെ ഒരു പാട് അപമാനിച്ചു. എന്നാൽ അവൾക്ക് അത് സഹിക്കാതെ വന്നപ്പോൾ അവളും അയാൾക്ക് നേരെ ചീത്ത പറഞ്ഞു. എന്നാൽ സ്വയം ബോധമില്ലാത്ത അയാൾ അവളെ ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിച്ചു. അവൾ എങ്ങനെയൊ അയാളിൽ നിന്ന് രക്ഷപ്പെട്ടു. മുറിക്കുള്ളിൽ പോയി വാതിലടച്ചിരുന്നു. അയാൾ അവിടെ ബോധരഹിതനായി കിടന്നു. നേരം പുലരുമ്പോഴേയ്ക്കും അവൾ അമ്മയെ കാണാനായി തിരിച്ചു.

എന്നാൽ, വീട്ടിലെത്തുമ്പോൾ തന്നെ വീട് വിജനമായിരുന്നു. രാമുണ്ണിയേട്ടനെയാണവൾ കണ്ടിരുന്നത്. കണ്ടപ്പോഴേ രാമുണ്ണിയേട്ടൻ അവളുടെ കൈക്കുപിടിച്ച് കരഞ്ഞു. അപ്പോഴാണ് അവൾക്കത് മനസ്സിലായത്, അമ്മ മരിച്ച് പോയിരുന്നുയെന്ന്. അവളുടെ വാക്കുകൾ ഇടറി.. ഇത്രയും കാലം ആരും അറിയിച്ചില്ലല്ലോ!!!! മരിച്ച അമ്മയ്ക്ക് ബലി കൊടുക്കണമെന്ന് പറഞ്ഞ് പോലും ആരും വിളിച്ചില്ലല്ലോ!!!! അപ്പോഴാണ് രാമുണ്ണിയേട്ടൻ പറഞ്ഞത് താൻ അവളുടെ ഭർത്താവിന് വിവരം അറിയിച്ചിരുന്നെന്നും ഭർത്താവ് അവളെ അറിയിച്ചാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയെന്നും. ഇതെല്ലാം കേട്ടപ്പോൾ തന്നെ അവളുടെ മാനസികാവസ്ഥ വളരെ മോശമായി തീർന്നു. അവളുടെ വാക്കുകൾ അവസാനമായി ഇടറി. അത് അവളെ മാനസീകമായി തളത്തി. അമ്മയെ മാത്രമല്ല ഈ ലോകത്തെ തന്നെ അവൾ മറന്നു. അവൾ ഒരു ഭ്രാന്തിയെപ്പോലെ അനങ്ങാതെ നിന്നു.


വിജിത.ബി,10-എ.

# അവഗണിക്കപ്പെടുന്ന മാതൃത്വം



ജനിച്ചെന്നറിഞ്ഞുടൻ ജീവനായ്-
കരുതി നീ എന്നെ നോക്കി വളർത്തി
തൻ ജീവൻ പകുത്തു നൽകി
നിൻ അർത്ഥമായ് മാറി ഞാൻ ജന്മമെടുത്തു.

അന്നു നിൻ സന്തോഷമതിരില്ലാത്തതായിരുന്നു .
പാലൂട്ടിയെന്നെ വളർത്തി.
നിൻ ജീവനായ് കരുതി വളർത്തി.
ആദ്യ ചുവടിനു താങ്ങായ്തണലായ് നീ നിന്നു .

ഓരോ ചുവടും പിഴയ്ക്കാതെ വയ്പിച്ചു തന്നൂ...
ആദ്യാക്ഷരം എഴുതുന്നനാൾ മുതൽ ഗുരുവായി
മാറി
ബാല്യത്തിൽ ഞാനെന്ന മൊട്ടിനു-
കുട ചൂടി നീ വന്നു നിന്നു .



കൗമാരത്തിലേക്കായി ഞാൻ പ്രവേശിക്കവേ
നേർവഴി നീ ചൂണ്ടി തന്നു .
കനൽ നിറഞ്ഞ ഇടവഴികളിൽ
ശീത കുളിർക്കാറ്റു വീശിത്തന്നു.

യൗവനക്കാലം തുടക്കമിട്ടു
മനസ്സിൽ മധുനിറഞ്ഞ കാലം
എനിക്കു പാതിയായ്
മറ്റൊരുവളെ നീ സമ്മാനിച്ചു .

നീ തിരഞ്ഞെടുത്തവൾ എന്നെ
നിന്നിൽ നിന്നു പറിച്ചെറിഞ്ഞു.
നഗരജീവിതത്തിന്റെ തിരക്കിൽ
മുഴുകി ഞാൻ .

പത്നിയും പുത്രരും അവർ തൻ സുഖങ്ങളും
മാത്രമായെൻ ജീവിതം .
അതിനിടെ ഞാൻ നിന്നെ മറന്നു
നിന്റെ ഓരോ തെറ്റിലും ഞാൻനിന്നോട്ട വഴക്കടിച്ചു .

ഓർക്കാതെ ചെറുപ്പത്തിൽ നേർവഴി
ചൂണ്ടിയത് നീയെന്ന് ഓർക്കാതെ
നിനക്കായ് ദൂരെ വൃദ്ധാശ്രമത്തിൽ
പണമെറിഞ്ഞൊരു കൂട്ടവാങ്ങി നൽകി

അറിയാതെ ....എൻ സ്നേഹമാണു നി-
നക്കു വലുതെന്നറിയാതെ
എന്നാൽ ഇന്നു ഞാൻ
തിരിച്ചറിഞ്ഞു നീ അന്നനുഭവിച്ച നോവ് .

ഇന്നെന്നെയും വാർദ്ധക്യം ബാധിച്ചു
മോടിയാർന്ന ജീവിതം
ഏഴാം കടലിനക്കരെ പോയ് മറഞ്ഞു .
തിരിച്ചറിയാതെ പോയ് ഞാൻ


വിസ്മയ.എം,9-സി.

നിന്നെ പാപിയായ എനിക്കു മാപ്പു തരുമോ
നീ അമ്മേ........
ഒരിക്കൽ കൂടി നീ തിരിച്ചു
വരുമോ .

# ഗൈഡ്സ് ക്യാമ്പ്





# വീണ്ടും ഒരു പൂക്കാലം



അന്ന് ഞാൻ കണ്ടോരു പൂക്കാലം
ഇന്ന് പൊയ്മകളെ മറച്ചുകൊണ്ട്
എൻ നെറ്റിത്തടത്തിൽ തഴുകിയ ആ
പൂമൊട്ടുകൾ
എൻ ചേട്ടൻ എനിക്ക് തന്നൊരാ പൂക്കാലം.



ചേട്ടനോടൊത്ത് തൊടിയിൽ പൂ പറിച്ച്
നടന്നൊരാ പൂക്കാലം
അമ്മ മുറ്റത്ത് തീർക്കും പൂക്കളം കാണുന്ന
നേരത്ത്
അറിയാതെ പോലും എൻ ചുണ്ടിൽ വിരിയും
പുഞ്ചിരി
ഓർക്കുന്നു ഞാൻ, അത് കാണുമ്പോൾ

പൂമരം പൂവ് കൊഴിച്ചെടുക്കും പോൽ
പക്ഷെ ഇന്നെനിക്ക് തോന്നുന്നു, ഋതുക്കളിലെ
രാജാവാണോ പൂക്കാലം?...



ശ്രീഹരി.പി, 7.എ.

# നന്ദി



ഒരു ചെറുപുഷ്പമായ്
എന്നെയീ ഭുവിൽ വിതാനിച്ച
തത്വമേ നന്ദി.

ആദ്യാക്ഷരം എന്റെ നാവിൽ കുറിച്ചിട്ട
എന്റെ മാതാവിനും നന്ദി.

സത്യമാർഗ്ഗത്തിലൂടെന്നെ നടത്തിച്ച
എന്റെ പിതാവിനും നന്ദി.

അറിവിന്റെ കിരണങ്ങൾ എന്നിലേക്കകിയ
എൻ ഗുരുശ്രേഷ്ഠർക്കും നന്ദി.

ഉണരുക നമ്മളീ ഭൂമിതൻ മടിയിൽ
അണയാത്ത നെയ്ത്തിരി പോലെ
വാക്കുകളുതിർക്കാം
ആദ്യാക്ഷരം തന്ന അമ്മതൻ വാത്സല്യം പോലെ.

നേടിടാം നമ്മൾ തൻ ഗുരുനാഥരിൽ നിന്നും
അറിവിന്റെ തത്വ പ്രകാശം.
ഉണരാം നമുക്കാ പ്രകാശത്തിൽ നിന്നൊരു
കൈത്തിരിനാളത്തെപ്പോലെ.



ദ്യുതി ദീക്ഷ, 6 C

# കൈറ്റ് സബ് ജില്ലാ ക്യാമ്പ്



**GGHSS Alathur നടന്ന കൈറ്റ് സബ് ജില്ലാ ക്യാമ്പിലെ ദൃശ്യങ്ങൾ പകർത്തിയെടുക്കുന്ന ഞങ്ങളുടെ Camera Team**

# ദിനചര്യ



പുലരും മുമ്പുണരണം
ഉണർന്നാലേറ്റിരിക്കണം
ഇരുന്നാൽ കണ്ണടച്ചുള്ളിൽ
പരദൈവത്തെയോർക്കണം
അമ്മയെ കാണേണം  മുമ്പേ
അച്ഛനെ തൊഴുതീടേണം
അച്ഛനമ്മമാർ കാണുന്ന
ദൈവമാണെന്നോർക്കേണം
വെളുക്കുമ്പോൾ കുളിക്കേണം
വെളുത്തുള്ളതുടുക്കേണം
വെളുപ്പിൽ ക്ഷേത്ര ദൈവത്തെ
എളുപ്പം തൊഴുതെത്തണം
കാര്യത്തിൽ ശ്രദ്ധ വേണം
കാര്യം വിട്ട് കളിക്കല്ലേ.........



പാർവതി .കെ
(യു.പി.എസ്.എ)

# സൂം കോൺഫറൻസ്



# LITTLE KITES PRELIMINARY CAMP



# ടെക്കി ന്യൂ ജെൻ *2019-2021*



# കൈറ്റ് യൂണിറ്റ് അംഗങ്ങൾ- ഹെഡ്മിസ്ട്രസ്, കൈറ്റ്മിസ്ട്രസ്മാർ എന്നിവരോടൊപ്പം









# കൈറ്റ് മിസ്ട്രസ്സുമാർ
# ഗീത ടീച്ചറും ശശികല ടീച്ചറും





# പത്രാധിപസമിതി



# ഞങ്ങളോട് സഹകരിച്ച
# അച്ഛനമ്മമാർക്കും
# ഗുരുക്കൻമാർക്കും
# സഹപാഠികൾക്കും നന്ദി. . .

# പദശേഖരം

ടെക്കി ന്യൂ ജെൻ....4
രസതന്ത്രത്തിന്റേ....35
രസതന്ത്രത്തിൽ....35
സുബിന്റെ....29
അമ്മയ്ക്ക്....56
അവതാരിക....9
ഇഞ്ചിനീരും....47
ഇരട്ട മധുരം....27
ഓവർ ഓൾ....20
കടംകഥകൾ....24
കെ.കെ.നീലകണ്ഠൻ....32
ക്യാമ്പിലെ....62
ഗാന്ധിജയന്തി....10
ഗാന്ധിയൻ....10
ചൂലന്നൂർ....32
നിമിഷങ്ങളിൽ....43
നേപ്പാൾ ....39
പരിശീലനം....45
പരിസ്ഥിതിയിൽ....13
പാരിസ്ഥിതിക....12
പൂക്കാലം....60
ബാല്യ കാലമേ....44
മാതൃക....28
മൂന്നാം സ്ഥാനം....20
ലിറ്റിൽ കൈറ്റ്സ്....50
വാഴ്വെന്ന....15
വൈക്കോൽത്തുറു....24
ശലഭങ്ങൾ....9
സൂം....63
സ്നേഹം....55

# THE END